THE
CHURCH WEEKLY

Vol. VIII.	SUNDAY 3RD OCTOBER 1954	PRICE 2 ANNAS A COPY	NO. 39

PRIVATE AND CORPORATE PRAYER

By The Rev. Dr George Florovsky

III

Christ himelf is personally present, as the supreme and only minister of the sacrament, as the unique and eternal High-Priest of the New Covenant. The Eucharist is not something that we do perform or offer, it is primarily what God is doing for us. Christ is coming again to the faithful. The Eucharist is basically just the Last Supper, extended and continued. This ultimate identity is stressed throughout the whole rite in the Eastern Church. It had been vigorosly emphasized by St. John Chrysostome in his preaching. There is no repetition. No repetiton is possible. The Eucharist is one, but it is revealed again and again, because the sacrifice of Christ was all-inclusive. Communion means precisely a participation in the Last Supper itsel : we are taken ourselves to the Upper Room, where the sacrament was first instituted and administered by the Saviour Himself. We are taken back into His presence. The mystery is one and ever the same, as the sacrifice is one, and the table is ever one. Not one Lamb is slain to-day and another yesterday; not one here, and another anywhere else. But the same always and everywhere, — one very Lamb of God, "which taketh away the sin of the world", even the Lord Jesus Christ is present both as the priest, and the victim. Christ is celebrating the sacrament Himself and is giving again to His members His precious body and blood, as the food of Redemption, as the food of the enternal life. The Church but recieves the gift. Yet the Church is not passive, even while receiving the gift of Redemption. Christ in the sacrament is not separated from His body, the body of the Christian. The mystery of the Church is precisely in that Christ abides and dwells in the believers, and they, by faith, abide and dwell in Him. The Church continues and carries on the ministry of Redemption, or, rather, Christ is continuing and carrying it through and in the Church. Christians are called to "follow" Him. They have to walk in His steps. It is not merely an ethical commandment. It implies an existential identification of the members with the Head. As the mystery of the Church, the Eucharist is the realisation of the Church. The Church is real in so far as it is gathered in Our Lord, when all her members are truly incorporated into Him and His risen life when they are nourished on the same spiritual food and filled by the Spirit with the same risen life. The unity of the Church is constituted by the unity of the Spirit, and faith is but a recipient of the Grace. We are one body, because we partake of the same Bread of Life, of the same celestial food. Thus, the Church is the growing "fullness" of Christ. It grows precisely through the sacraments. This means that Church's unity is the gift of God, and not a human work or achievement. Yet, it includes and implies human participation too, an active response of the redeemed. As a sacred rite, the Eucharist is an act of common worship, a true "agreement" of many to stay and pray together. The name "liturgy" itself suggests precisely a common action. It is exactly an "action", not only a word. In this connection it is most significant that all Eucharistic prayers are composed in the plural. And even the prayer of consecration is recited by the priest in the plural,—for he is offering prayers in the name and on behalf of the faithful, of all the people. It is not in his own name that the priest celebrates, but in the name of the people, as it is from the people too, that the gifts are offered and spread forth on the Altar, for consecration. Of course it is the priest only who is given this authority to offer the common supplications or to speak in the name of all. And this authority is given not by the people, but by Christ Himself, who is the true Minister of all mysteries. The Minister does not represent the congregation only, but Christ above all, who is truly ministering to the people, through human mediation. The minister acts not only in personal ecclesiae, but primarily in persona Christi. Authority is given to the minister not by the congregation, but for the congregation, as one of the manifold gifts of the Spirit. And in the name of the whole Church the priest speaks: we pray. Now, this 'we' has in the liturgical prayer a double meaning. First, it betokens the unity of the assembled Church, the undivided Christian fellowship of all those who pray. 'Thou, who hast given us grace at this time with one accord to make our common supplication unto

Thee......" (Prayer of St John Chrysostome; also in the Anglican "Common Prayer Book")· And this "accord" is not a mere composite of many private and separte prayers. The true accord presupposes some mutual identification of those who join and "agree". One has to pray not as a self-contained individual, but precisely as a member of the Body, of the mystical fellowship in Christ· The prayer of consecration is preceded, in the Eastern rite, by a solemn invitation: "Let us love one another, that so with one mind we may acknowledge the Father, the Son, and the Holy Spirit, the Trinity consubstantial and undivided"· Love in Christ is the only means of the spiritual integration, the only means to have "one mind". And only through this integration of our minds we can approach and acknowledge the ultimate mystery of the Divine Unity: three Persons, yet One God, one perfect Being. The mystery of Trinity is exactly the mystery of a perfect unity of many. This mystery is to be reflected on the human level. The Church, as an integrated fellowship of many, is the only image of the Divine unity· The Church, established by Christ, is the new mode of human existence, the "catholic" mode of life, opposed to all selfish and divisive individualiems· Only love, in Christ, can enable men to bring their offerings worthbly and truly· Not only because the lack of peace and love would be a personal failure; but just because we, the whole people, should be one· In the phrase of St Cyprian, "when we prav we do not pray for one but for the whole people, because we, the whole, are one", quia totus populus unum sumus (On Lord's prayer, 3)...And secondly, the liturgical plural, the liturgical "we", has another and deeper meaning and connotation· It points out to the universal fullness and unity of the Church· For every liturgy is celebrated in commuion with the whole Church Catholic and Universal, and in the name of the whole Church: And spiritually in every celebration the whole Church takes an invisible, yet very effective part, — "the whole company of heaven", "Now the Powers of Heaven with us invisibly do minister...And the Church on earth repeats and proclaims the glorious song of the Seraphim, repeats these heavenly Hallelujahs, for in Christ Jesus the Church of the Angels and the Church of men have become one...Likwise there is no division between the living and departed within Church, because the power of death is overcome and death itself abolished by the glorious resurrection of the Lord, who is the Head of His Body· There is no final separation between "earth" and "heaven" after Christ· This constitutes the new spiritual climate in the Church "As we stand in the house of Thy glory, it is though we stood in heaven itself" For, indeed, "Thou hast brought heaven to earth by The wondrous condescension...In the unity of Christ's Body death loses its power to separate· The departed, who rest in the peace of Christ, are still with the living, for in Christ all are but one. And therefore the departed are commemorated at every celebration It is not only a remembrance, not only a witness of our human sympathy and love, but rather an insight into the mystical fellowship of all believers, living and departed in Christ, the common Risen Lord· In this sense, the Eucharist is *the mystery of the Church*, or rather — *the mystery of the whole Church*...In the Eucharist is the Church aware and conscious of her ultimate unity, and anticipates its final perfection, in the age to come. The Eucharist is not only an expression of our human fellowship and of our human brotherhood but above all an expression of the Divine mystery of redemption· It is primarily an image of the Divine deed· It is a mystery of Christ, who redeems and unites all and overcomes all broders of space and time, of age and race Every time that the Eucharist is celebrated we witness to, we live in, this prefect unity initiated and inaugurated by the Incarnate and Risen Lord, and we pray in the name of all mankind of all those who have been called and have responded to the call, We pray *as the Church*, — the whole Church prays with us and in us. And therefore the whole fullness of life is to be commemorated in Eucharistic prayer the fullness of human existence is to be offered and dedicated to God, in Christ, — the whole of God's Providence is to be remembered and acknowledged with spiritual thanksgiving And therefore the prayer of consecration is framed into the story of salvation We bear witness to the redeeming plan and purpose of God, and we trace them through all the stages of their gradual realisation, which are recorded in the sacred story of the Bible· Again, the liturgical commemoration has a cosmic character and scope· It includes the whole world, the whole realm of creation· 'We offer Thee this reasonable service for all the world for the Holy Catholic and Apostolic Church" And the praver goes on to mention by names all those for whom it is offered. "Name" means personality And thus the commemoration of the members of the Church by names at the Eucharistic offering points to the face that each person has his own place in the completeness of the one Body· We ask God to help our limited memory: "and those whom we, through ingnorance, or forgetfulness, or the multitude of names; have not remembered, do thou Thyself call to mind, O God, who knowest the age and the name of each' (Anaphora of St, Basil).The Eucharistic commemoration embodies and embraces also all complex situations of our life upon earth; "Be Thou Thyself all things unto all men, O thou who knowest every man, his petition, his abode, and his need." Thou again the whole people is praying for the whole people· And this prayer is primarily an acknowledgement and a witness: God had acted first, to redeem the fallen race "For thou broughtest us forth from nothing, and when we were fallen didst raise us up again and leave nothing undone to bring us to heaven and to bestow on us Thy kingdom which is to come·" The Euchrist is thus first of all a doctrinal witness, and therefore an acknowledgement of the grace of God, The whole rite has a Godward orientation ... The story of Redemption is not yet completed· Christian still live in expectation: the Knigdom is still to come The mystery of salvation will be completed in the age to come, And yet the Church is already the token of this glorious consummation And she prays for the fullfilment; "As this broken bread was scattered upon the mountains and being gathered to-

അസ്സീസ്സിയിലെ ഫ്രാൻസിസ് 14

അധികൃതാനുജ്ഞ തേടി

എം. കുര്യൻ ബി. എസ്‌സി, കോതമംഗലം

യാത്രകഴിഞ്ഞു തിരിച്ചെത്തുമ്പോഴേക്കും സ്വഗൃഹത്തിൽ കലാപങ്ങൾ കാത്തുകെട്ടിനിൽക്കുക അത്ര അസാധാരണമല്ലാത്ത ഒരു അനുഭവമാണ്. ഫ്രാൻസിസ് തിരിച്ചു വന്നപ്പോൾ, പോർട്ട്യാങ്കുലയ്ക്കു ചുററും ശത്രുത്വം മുററിനിൽക്കുന്നതാണു കണ്ടതു്.

അസ്സീസ്സിയിലെ സ്ഥാപിതതാല്പര്യങ്ങൾ ആ വഴിപിഴച്ച ചെറുപ്പക്കാരനെ നോക്കി ആദ്യമാദ്യം പരിഹസിച്ചു, ചിരിച്ചതേയുള്ളു. എന്നാൽ വനത്തിൽ നടക്കുന്ന കിറുക്കുകളെപ്പററി കേട്ടതോടെ അവർ കുപിതരായി. രോഷം അവരുടെ കണ്ണിൽ ഇരുട്ടു കയററി; അവന്റെ അഹമ്മതി. ഹാ, ഇത്രത്തോളമായോ? അവർ പല്ലിറുമ്മി. നല്ല കുടുംബത്തിലെ ചില വ്യക്തികൾ അവരുടെ ധനം ദരിദ്രർക്കിടയിൽ വിതരണം ചെയ്യുപോലും! അവരുടെ കുടുംബാംഗങ്ങൾക്കു ചെല്ലേണ്ട ധനം ഈവിധം ധൂർത്തടിക്കുകയോ? ചിലവ്യക്തികൾ പൈതൃകധനം യാതൊന്നും വേണ്ടെന്നുപറഞ്ഞു് ഇറങ്ങിത്തിരിച്ചിരിക്കുന്നതു കണ്ടില്ലേ? അവർക്കു അമ്മയപ്പന്മാരേപ്പോലും അനുസരണമില്ലത്രെ. എല്ലാം ഉപേക്ഷിച്ചു്, ചേയന്മാരുടെ വേഷവുമണിഞ്ഞു ഇറങ്ങിത്തിരിച്ചിരിക്കയാണ്! കാണേണ്ട കോലങ്ങൾതന്നെ. പിച്ചതെണ്ടിയാണത്രെ ആഹാരം കഴിക്കുക. ചിലപ്പോൾ ഹീനമായ വേലകൾ ചെയ്തു കൊടുത്തുവെന്നുംവരും— ഇക്കൂട്ടരുടെ സംഖ്യ കൂടിവരികയാണ്. ഇനിയും കൈകെട്ടി നോക്കിയിരുന്നു കൂടാ. ഇതു വിധ്വംസകപ്രവർത്തനമാണ്. സമുദായത്തിന്റെ അടിത്തറ തോണ്ടുന്നവിപ്ലവ സംരംഭം. മുളയിലേനുള്ളിയില്ലെങ്കിൽ അപകടമാണ്. ഇപ്പോൾത്തന്നെ കുറെ വൈകിക്കഴിഞ്ഞിട്ടില്ലേ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു—അവരുടെ ഉള്ളിൽ സംഭ്രമം വളർന്നു.

നഗരത്തിലെ മാന്യന്മാരും കുബേരന്മാരും ബിഷപ്പ് ഗിദ്ദോയുടെ മുമ്പിലെത്തി സങ്കടമുണർത്തിച്ചു. ബിഷപ്പ് പരിഭ്രാന്തചിത്തനായി. അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ വിഭിന്നവശങ്ങളെ ഇതു് അസ്വസ്ഥമാക്കി; സന്തുലിതാവസ്ഥയ്ക്കു ന്യൂനത ഭവിച്ചു. ഗിദ്ദോ ദയാലുവും സ്നേഹവാനും സാധാരണനും അത്യധികം വ്യവഹാരപ്രിയനുമായ ഒരു മഹാപുരോഹിതനായിരുന്നുവെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതേ, ദയാലുവും സ്നേഹവാനും—ഇടയ്ക്കിടെ തന്റെ അടുക്കൽ വന്നു് സ്വന്തം ആശയങ്ങളും ഇച്ഛകളുമെല്ലാം മുമ്പിൽ നിരത്തിവച്ചു കൊടുക്കുന്ന ഫ്രാൻസിസിനെ അദ്ദേഹം വാത്സല്യപൂർവം സ്നേഹിച്ചിരുന്നു. പ്രായോഗികവും കേവലം സാധാരണവുമായമനസ്സ്—ചെറുപ്പക്കാരൻ സീമലംഘിച്ചുപോകുന്നതായി അദ്ദേഹത്തിനുതോന്നി. വ്യവഹാരപ്രിയൻ—പ്രായംചെന്ന ഈ വിഡ്ഢികളാണോ തന്നെ തന്റെ ജോലിപഠിപ്പിക്കാൻ വരുന്നതെന്നു ബിഷപ്പിനു തോന്നി. സഭയുടെ പ്രവർത്തനങ്ങളിൽ കൈകടത്തുവാൻ ഇവർക്കെന്തു കാര്യം?" ഉടൻ മനസ്സിന്റെ നൈയാമിക വശം പൊന്തിവരും: ഫ്രാൻസിസ് ഒരു അത്മേനിയല്ലേ? അനുവാദം കൂടാതെ അവൻ പ്രസംഗിക്കുകയോ? ഒരിക്കലും പാടില്ല. ആ ചെറുപ്പക്കാരനെ വിളിച്ചു് ഒന്നുപദേശിക്കുക തന്നെ.

റീത്തിയിൽ നിന്നു തിരിച്ചെത്തിയ ഉടൻ ബിഷപ്പു ഗിദ്ദോയുടെ പാലസിൽ ഹാജരാകാൻ ഫ്രാൻസിസിനു ആജ്ഞ ലഭിച്ചു. സന്തോഷപൂർവം അദ്ദേഹം അവിടേക്കു ചെന്നു. ബിഷപ്പിന്റെ പാലസിലെ സന്ദർശകമുറിയിൽവച്ചു് പ്രധാനപ്പെട്ട ആ സന്ദർശനം നടന്നു. ഇരുവരുടെയും സ്വഭാവവൈജാത്യം വ്യക്തമായി പ്രദർശിപ്പിക്കുന്ന ഒരു കൂടികാഴ്ചയാണതു്.

ചില പ്രവർത്തനങ്ങൾ നിയമാനുസരണമല്ലെന്നു് യുവത്വം തുളുമ്പുന്ന ആ ഉന്മേഷശാലിയ്ക്കു ബിഷപ്പ് ചൂണ്ടിക്കാട്ടി. ഫ്രാൻസിസ് അത്ഭുതപരതന്ത്രനായി. കാനോൻ നിയമങ്ങളെപ്പററിയും വേദശാസ്ത്ര സിദ്ധാന്തങ്ങളെപ്പററിയും തികച്ചും അജ്ഞനായിരുന്നെങ്കിലും, ഓരോ കാര്യത്തിലും ക്രിസ്തുവിനെ അനുകരിക്കാൻ ശ്രമിക്കുന്നതു് ക്രമവിരുദ്ധമാവുമെന്നു് ആ യുവാവു് സ്വപ്നേപി വിചാരിച്ചിരുന്നില്ല. സഭയുടെ അനുസരണമുള്ള ഒരു പുത്രനായിക്കഴിയണമെന്നു് ഫ്രാൻസിസിനു കടുത്ത നിർബന്ധമുണ്ട്. ഉത്തമജീവിതം നയിക്കുന്നതിനു് സന്നദ്ധനാണ്. നിയമാനുസരണമാവാൻ എന്തു ചെയ്യണം? റോമിൽ പോയി അനുവാദം വാങ്ങിക്കണോ? അത്രമാത്രമേ വേണ്ടുവെങ്കിൽ നാളെത്തന്നെ റോമിലേക്കു പൊയ്ക്കളയാം. താനും തന്റെ സമൂഹാംഗങ്ങളും ഒന്നിച്ചു പൊയ്ക്കൊള്ളാം. അവിടെയെത്തി പരിശുദ്ധ പിതാവിനെ സന്ദർശിച്ചു്....

നിറുത്തു്' ബിഷപ്പ് ആജ്ഞാപിച്ചു. പെട്ടെന്നു ചെന്നു് മാർപാപ്പായെ ആക്രമിക്കുക അപ്രായോഗികവും അവിവേകവുമായിരിക്കും. ഈ കുട്ടിയോടു യുക്തിവാദം ചെയ്യുന്നതിനുള്ള അനുകൂലാവസരം ഇതാസമാഗതമായിരിക്കുന്നു. ബിഷപ്പ് ചോദിച്ചു: യാതൊരു സ്വത്തുവകകളും കൂടാതെ ജീവിക്കണമെന്നുള്ള ഫ്രാൻസിസിന്റെ ആദർശം കുറെ അധികപ്പററായി പോയില്ലേ? നാളത്തേക്കു് എന്തെങ്കിലുമൊരു സുരക്ഷിതത്വമൊക്കെ കരുതണ്ടേ? ജനങ്ങൾ ധർമ്മം കൊടുക്കുകയില്ലെന്നുവച്ചാൽ എന്തുചെയ്യും. ഫ്രാൻസിസും സഹോദരങ്ങളും രോഗബാധിതരായി കിടന്നുപോയാൽ ഭക്ഷണത്തിനെന്തു ചെയ്യും? ഈ രീതി പ്രായോഗികമല്ല, തീർച്ച. അതു് സാമാന്യബുദ്ധിക്കു് യുക്തിസഹമല്ല. ഫ്രാൻസിസ്സിന്റെ സഹോദരങ്ങളുടെ ഊർജ്ജസ്വലതയും പ്രസരിപ്പും താൻ വളരെയേറെ ആദരിക്കുന്നുണ്ട്. ഏതെങ്കിലും പഴയ സന്യാസസമൂഹത്തിൽ ചേരുകയായിരിക്കും അവർക്കു നല്ലതു്. അവരുടെ ഉന്മേഷപ്രസരിപ്പിനു് അവിടെ നിർഗ്ഗമനപഥം തുറന്നുകിട്ടും. എന്തുകൊണ്ട് ബെനഡിക്റ്റൈൻ സമൂഹത്തിൽ ചേർന്നുകൂടാ? തന്റെ സ്വാധീനശക്തി മുഴുവൻ പ്രയോഗിച്ചു്....

ഫ്രാൻസിസ് ഇടയ്ക്കുകയറി പറഞ്ഞു: "എന്റെ തിരുമേനി, ഞങ്ങൾക്കു് വസ്തുവകകളുണ്ടാകുന്ന പക്ഷം, അവ സംരക്ഷിക്കുന്നതിനു് ആയുധങ്ങൾ ആവശ്യമായി വരും. സമ്പാദ്യങ്ങൾ കലഹങ്ങൾക്കും കേസുകൾക്കും വിത്തുപാകാതിരിക്കില്ല. ദൈവസ്നേഹത്തിനും അയൽക്കാരനോടുള്ള സ്നേഹത്തിനും കടകവിരുദ്ധമാണിതു്. സ്നേഹത്തിൽമാത്രം ചരിക്കാനാഗ്രഹിക്കുന്ന ഞാനും സഹോദരങ്ങളും, ഇക്കാരണത്താൽ, ഈ ലോകത്തിൽ യാതൊരുവിധ സമ്പാദ്യങ്ങളും കരുതുകയില്ലെന്നു് ദൃഢനിശ്ചയം ചെയ്തിരിക്കയാണ്. ഞങ്ങൾക്കെ

---

gether became one, so let Thy Church be gathered together from the ends of the earth into Thy Kingdom (Didache IX. 4)

വത്തിൽപരിപൂർണ്ണമായ വിശ്വസിക്കാനാണു ഭാവം. രാത്രിയിൽ ഒരു മേൽപുരയും പകൽ ആഹാരവും അദ്ദേഹം കരുതിക്കൊള്ളും.”

സാൻസൽവത്തോരിലെ മഠാധിപതിയോടും മോണ്ടെസുബാസ്യോവിലെ ബെനഡിക്റ്റൈൻ സന്യാസികളോടും ബിഷപ്പു ഗിദ്ദോ ചില കേസുകളിലേർപ്പെട്ടിരിക്കുന്ന കാലഘട്ടമാണതു്. ഇരുകൂട്ടരും ബിഷപ്പിനോടൊന്നിച്ച് സ്നേഹസു, വിശേഷത്തിൽ സഹപ്രവർത്തകരുമാണ്. ബിഷപ്പിനു യാതൊരു മറുപടിയും തോന്നിയില്ല.

ഫ്റാൻസിസ് സഹോദരങ്ങളുടെ സമീപത്തേക്കു മടങ്ങി. റോമിലേക്കു പോവുകതന്നെ. ഫ്റാൻസിസിൻെറ മസ്തിഷ്കത്തിൽ മറെറാരു ചിന്തയ്ക്കും സ്ഥലമില്ലെന്നായി. ഫ്റാൻസിസ്സിൻ സമൂഹത്തിൽ ഇപ്പോൾ ആകെ 12 അംഗങ്ങളുണ്ടു്. എല്ലാവരുമൊന്നിച്ച് തലസ്ഥാന നഗരിയിലേക്കു മാർച്ചുചെയ്യുക. അവിടെയെത്തി,തങ്ങളുടെ നയപരിപാടികൾ പരിശുദ്ധ പിതാവിൻെറ മുമ്പിൽ സമർപ്പിക്കുക. എത്ര ലളിതമായ പദ്ധതി! പന്ത്രണ്ടുപേർ! അതൊരു ശുഭസംഖ്യയല്ലേ? അപ്പോസ്തലത്വം കളിക്കുകയോ, പട്ടാളമുറ അനുസരിക്കുകയോ, എന്തായാലും വേണ്ടില്ല, മാർച്ചു ചെയ്യുന്നതിനു് ക്യാപററൻ ആജ്ഞ നൽകി.

ഈ യാത്രാസമൂഹത്തിനു് യാതൊരു വാഹനങ്ങളും വേണ്ടിവന്നില്ല. കൂടാരങ്ങളോ ആഹാരവിഭവങ്ങളോ അവർ കരുതിയില്ല. റോമിലേക്കു മാർച്ചുചെയ്തിട്ടുള്ള സൈന്യസമൂഹങ്ങളിൽ ഏററവും ലളിതവും ഏററവും ഘനംകുറഞ്ഞതുമായ സംഘമിതായിരുന്നു. നഗ്നപാദരും നഗ്നശീർഷരുമായി തവിട്ടുനിറത്തിലുള്ള അങ്കി ധരിച്ച്, അരയ്ക്കൊരു ചരടും കെട്ടി, തമാശപറഞ്ഞും ചിരിച്ചും അവർ അടിവച്ചു നീങ്ങി. രണ്ടായിരം വഷർങ്ങളിലായി അസംഖ്യമസംഖ്യം സൈന്യസംഘങ്ങൾ കവാത്തു ചെയ്തിട്ടുള്ള അതേ പാതയാണ് അവരും അവലംബിക്കുന്നതു്. പക്ഷേ, ഇവരൊരു പുതിയ യൂണിഫോമണിഞ്ഞ, ഒരു പുതിയ സൈന്യസമൂഹമാണു്. ഒരു പുതിയ ആശയമാണു് അവർക്കു പ്രചോദനം നൽകുന്നതു്.

സംഭാഷണം ചിറമുറിയാതെ പ്രവഹിക്കുകയാണ്. സർഗ്ഗാത്മകമനസ്സായ ഫ്റാൻസിസിൻെറ വീണാനാദം മുഴങ്ങിക്കേൾക്കാം.

അപ്പോൾ, നമ്മുടെ നിയമാവലി എന്തായിരിക്കണം? എന്തൊന്നിനു് അനുവാദം തരണമെന്നാണു് നാം മാർപാപ്പാ സമക്ഷം അഭ്യർത്ഥിക്കേണ്ടതു്? ബർണാഡ്പ്രഭു, എന്തു പറയുന്നു? പുരാതന സമൂഹങ്ങളിൽ നിന്നു നമുക്കുള്ള വ്യത്യസ്തതയെന്താണു്? പീററർ, അങ്ങു മാത്രമാണ് ഇക്കൂട്ടത്തിലെ നിയമജ്ഞൻ. സിൽവെസ്റ്റർ, ഞങ്ങളുടെ കൂട്ടത്തിൽ വിശുദ്ധൻ അവിടുന്നു മാത്രമാണ്. എന്താണഭിപ്രായം? ഞാൻ കാണുന്ന സംഗതികൾ പറയാം. ഒന്നാമതു്, ക്രിസ്തുവിൻെറ ജീവിതം അനുകരിക്കുന്നതിനും അദ്ദേഹത്തിൻെറ കല്പനകൾ പ്രത്യക്ഷരം അനുസരിക്കുന്നതിനും—അതിലൊന്നുപോലും മറച്ചു പിടിക്കുന്നതിനോ ഏതെങ്കിലും വ്യാഖ്യാനിച്ചു കളയുന്നതിനോ നാം തയാറില്ല—നാം ആഗ്രഹിക്കുന്നു. ഇതാണ് പ്രഥമവും പ്രധാനവുമായ സംഗതി. കുറേപ്പേർ ഒരുമിച്ചുചേർന്നു അങ്ങനെ ജീവിച്ചുനോക്കിയാൽ എന്തു സംഭവിക്കുമെന്നു കാണട്ടെ. രണ്ടാമതു് ഏററവും താണവരോട് തുല്യനിലയിൽ വർത്തിക്കാൻ നാമാഗ്രഹിക്കുന്നു എന്താണതിനർത്ഥം? നമ്മുടെ ഉള്ളങ്കിയും ചരടുമെന്യേ യാതൊരു വസ്തുവകകളും നമ്മുടേതായി ഉണ്ടായിരുന്നുകൂടാ. അതിൽ കൂടുതൽ എന്തെങ്കിലുമുള്ളപക്ഷം അതു് വായ്പയായി പരിഗണിക്കണം. നമ്മെക്കാൾ ആവശ്യക്കാരനായ ആരെയെങ്കിലും കാണുന്നതുവരെ മാത്രമേ നാം അതു സൂക്ഷിച്ചുകൂടൂ. ബിഷപ്പു തിരുമേനിയോടു ഞാൻ പറഞ്ഞപ്രകാരം, സ്വത്തുക്കളുണ്ടായാൽ അതു തീർച്ചയായും നമ്മെ വ്യവഹാരത്തിലേക്കു വലിച്ചിഴയ്ക്കും. നമ്മുടെ സഹോദരങ്ങളിൽനിന്നു നമ്മെ മാററി നിറുത്തുന്നതിനും, നമ്മുടെ പ്രബോധനങ്ങളെത്തന്നെ നശിപ്പിക്കുന്നതിനും മാത്രമേ അതുപകരിക്കൂ. നമുക്ക് എന്തെങ്കിലുമുണ്ടെങ്കിൽതന്നെ അതു കാത്തു സൂക്ഷിക്കാൻ നമുക്കു സാദ്ധ്യമാവില്ല. ഒരു മനുഷ്യൻ അതിൽ പകുതി ഭാഗമെടുത്താൽ മറേറ പകുതിയുംകൂടി വിട്ടുകൊടുക്കാനല്ലേ ക്രിസ്തു ഉപദേശിച്ചിട്ടുള്ളതു്. നാം അപ്രകാരം ചെയ്യേ മതിയാവൂ. അവിടെ ഒത്തുതീർപ്പില്ല. നമ്മെ സംബന്ധിച്ചിടത്തോളം ദാരിദ്ര്യം പരമപ്രധാനമാണു്. ദാരിദ്ര്യകുമാരിയാണു നമ്മുടെ കാവൽ മാലാഖ. അസ്സീസ്സിയിലെ ദരിദ്രമനുഷ്യർ. ഇല്ല, അതിൽ പുതുമയില്ല. മുമ്പും അങ്ങനെ ചിലർ എഴുന്നേററിട്ടുണ്ടു്. ലയോൺസിലെ ദരിദ്ര മനുഷ്യരെപ്പററി കേട്ടിട്ടില്ലേ? പക്ഷേ, അവർ ശീശ്മയിൽപെട്ടു് സഭയിൽനിന്നു വേർവിട്ടുപോയി. നാം അവരെപ്പോലെ ആയിക്കൂടാ. നാം അനുസരണമുള്ള സഭാംഗങ്ങളായിത്തന്നെ മുമ്പോട്ടു പോകണം.

യാത്രാസമയമെല്ലാം ഫലിതരസവും ചിരിയും വിഷയഗൗരവത്തെ ആച്ഛാദനം ചെയ്തു നിന്നു. അവർ പന്ത്രണ്ടുപേരുണ്ടു്. ഇത്രയും വരുന്ന സമൂഹത്തിനൊരു നേതാവു വേണം. അതു് ആരായിരിക്കണം? ഫ്റാൻസിസ്, നീതന്നെയാവട്ടെ. അയ്യോ, ഞാനോ? ഞാൻ നിങ്ങളുടെയിടയിൽ ഭൃത്യനെപ്പോലെ ആയിക്കൊള്ളാം. ബർണാഡ്—ബർണാഡ് സഹോദരനാണു്. പററിയ ആൾ. ഒരു മഹാൻ, സ്ഥിരചിത്തൻ, നമ്മുടെകൂട്ടത്തിൽ ഒന്നാമൻ. ബർണാഡ്, ഞങ്ങൾ നിന്നെ ഞങ്ങളുടെ നേതാവും ക്രിസ്തുവിൻെറ വികാരിയുമായി തെരഞ്ഞെടുക്കുന്നു: എവിടെപ്പോകാൻ നീ പറയുന്നുവോ ഞങ്ങൾ ഉടൻ അനുസരിക്കുകയായി. എവിടെ ന ൽണമെന്നു നീ ആജ്ഞാപിക്കുന്നുവോ അവിടെ ഞങ്ങൾ കിടന്നുറങ്ങിക്കൊള്ളാം.

അങ്ങനെ ബർണാഡിനെ ഐകകണ്ഠ്യേന നേതാവായി തെരഞ്ഞെടുത്തു. നിർബന്ധിച്ചു, നേതൃസ്ഥാനത്തു അവരോധിച്ചു. അവർ ഗാനങ്ങൾ ആലപിച്ചു മുമ്പോട്ടു നീങ്ങി.

പരസ്പര വിദ്വേഷവും സ്വാർത്ഥപരതയും കൊണ്ടു പൊറുതിമുട്ടിയ മനുഷ്യസമുദായത്തിനു സൗഹാർദ്ദത്തിൻെറയും സഹാനുഭൂതിയുടെയും സന്ദേശം അറിയിച്ച്, ആശ്വാസം അരുളുവാൻ ഉദ്യമിക്കുകയാണവർ. ആന്തരാർത്ഥം മനസ്സിലാക്കാതെ ബാഹ്യാഡംബരങ്ങളിൽ ഭ്രമിച്ചുപോകുന്ന മനുഷ്യർ വസ്തുവെ മറന്നു നിഴലിനെ ആരാധിക്കുകയാണെന്നു് അവർക്കു വ്യക്തമായറിയാം. ഉണ്ണാത്തവനെ ഊട്ടുവാനും ഉടുക്കാനില്ലാത്തവൻെറ നഗ്നത മാറ്റാനും വ്യഥിതഹൃദയങ്ങളിലെ വേദനകൾ ഒപ്പിയെടുക്കാനും മനുഷ്യർ തുനിഞ്ഞെങ്കിൽ! അങ്ങനെ ഓരോരുത്തരും അവരവരുടെ സ്നേഹത്തിൻെറ അതിർത്തി ആകുന്നതും വിസ്തൃതമാക്കിയെങ്കിൽ!

സ്പൊല്ലേറ്റോ, ക്ലിററുമ്നസ്, സ്പോളറേറാ, ടേർണി, റീത്തിതാ [illegible] വര എന്നിവ പിന്നിട്ടു് ആ സംഘം റോമാനഗരത്തെ സമീപിച്ചു.

യാത്രാമദ്ധ്യേ അവരുടെ നേതാവു് ബർണാഡ് ആയിരുന്നുവെങ്കിലും, റോമിലെത്തിക്കഴിഞ്ഞപ്പോൾ, മാർപാപ്പാസമക്ഷം അവരെ പ്രതിനിധാനം ചെയ്യേണ്ടതു് ആരാണെന്നുള്ളതിനെപ്പററി തർക്കമില്ലായിരുന്നു. ഫ്റാൻസിസാണു് അവരുടെ സ്രഷ്ടാവും പ്രവാചകനും. അവനായിരിക്കണം അവരുടെ പ്രവക്താവു.

മാർപാപ്പാ തിരുമേനിയുടെ ഔദ്യോഗിക വസതിയായ സെൻറ് ജോൺ ലാറ്ററൻ പാലസിനു മുമ്പിലുള്ള വിസ്തൃതമായ പുൽത്തകിടിയിൽ അവരെത്തി. കൂട്ടുകാരെ അവിടെ വിട്ട്, ഫ്രാൻസിസ് തനിയെ ലാറ്ററൻ പാലസിന്റെ കവാടം ലക്ഷ്യമാക്കി നടന്നു.

ഇന്നസെൻറ് തൃതീയൻ തിരുമേനി കൊട്ടാരത്തിനകത്ത് ഇടനാഴിയിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുകയാണ്. ഒരു കുറിയ മനുഷ്യൻ പതുക്കെ വാതിൽ തുറന്ന് അകത്തു കടന്നു, മുമ്പോട്ടു നീങ്ങുന്നു. ഈ സന്ദർഭത്തിൽ തിരുമേനിയെ ഒരു നോക്കു കാണുക.

സഭയെ അതിന്റെ ഏറ്റവും വലിയ സാമ്രാജ്യത്തിലേക്കു നയിക്കുന്നതിനു എഴുന്നേറ്റ മഹായോദ്ധാവാണ് ആ മഹാപുരോഹിതൻ. തന്റെ ഭൂതകാലജീവിതത്തിന്റെ പ്രഭാപരിവേഷത്തിൽ, 37-ാമത്തെ വയസ്സിൽ മാർപാപ്പാ പദം നേടി. ഇന്ന് 49 വയസ്സേ പ്രായമുള്ളു. ഒരു ജർമ്മൻ പ്രഭുവിന്റെയും ഒരു റോമൻ പ്രഭുകുമാരിയുടെയും പുത്രനായി പിറന്ന ലൊഥെയറിന്റെ കാസ്സക്കിനുള്ളിൽ ഒരു ജർമ്മൻ യോദ്ധാവിന്റെ സമരോത്സുക ഹൃദയവും, ആ തൊപ്പിക്കടിയിൽ ഒരു റോമൻ രാജ്യതന്ത്രജ്ഞന്റെ മനസ്സും ഒളിഞ്ഞിരിക്കുന്നുണ്ട്. ബൊളോഗ്നയിലും പാരീസിലും വിദ്യാഭ്യാസം നിർവഹിച്ച ലൊഥെയർ (പിൽക്കാലത്ത് ഇന്നസെൻറ് തിരുമേനി) ഒരു അഭിഭാഷകനും വേദശാസ്ത്രജ്ഞനും അദ്ധ്യാപകനുംകൂടിയാണ്. സുമുഖനും, കുലീനനുമായ തിരുമേനി ക്ഷാത്രതേജസ്സുറ്റ ഒരു ഗംഭീര പുരുഷനാണ്.

ഫാദർ കത്ത്ബേർട്ട് എഴുതുന്നു: "ഒരു പക്ഷെ മറ്റൊരു മനുഷ്യനും ഇന്നസെൻറിനെപ്പോലെ ലോകത്തെ ഭരിച്ചിരിക്കയില്ല." സൈനികബലംകൊണ്ടും കൗശലപ്രയോഗത്താലും അദ്ദേഹം റോമിലെ മത്സരികളായ ഇടപ്രഭുക്കന്മാരെ കീഴടക്കി, പേപ്പൽ നഗരത്തിന്മേൽ ആധിപത്യം സ്ഥാപിച്ചു. ഗൈബൽഫ് കക്ഷിയെ സംഘടിപ്പിച്ച് പേപ്പസിയുടെ ഒരു ഉപകരണമാക്കിവളർത്തി. ജർമ്മൻ പ്രഭുക്കന്മാരെ മദ്ധ്യ ഇറ്റലിയിൽനിന്ന് ഓടിച്ചു. സിസിലി പിടിച്ചടക്കുന്നതിന് അദ്ദേഹം സൈന്യങ്ങളെ നിയോഗിച്ചിട്ടുണ്ട്. രക്ഷാകർത്താവിന്റെ നിലയിൽ, ബാലനായ ഫ്രെഡറിക്ക് ചക്രവർത്തിയെ അദ്ദേഹം കീശയിലാക്കും. മിക്ക രാജാക്കന്മാരെയും അദ്ദേഹം മെരുക്കി കഴിഞ്ഞു, അഥവാ ആ ക്രിയ പൂർത്തിയാകാറായി. ഭൗമിക ശക്തികളെപ്പോലെ സഭയുടെ ശത്രുക്കളെയും അദ്ദേഹം തകർത്തുതുടങ്ങി. ആൽബിജെൻഷ്യൻ ശീശ്മക്കാരുമായുള്ള സമരം നടക്കുന്നതേയുള്ളു. സഭയുടെ സർവ ശക്തികളും ഒരു തിരുപ്പോരാട്ടത്തിനായി തിരിച്ചുവിട്ടിരിക്കുകയാണ്.

നതശിരസ്കനായി ചിന്താമഗ്നനായി, തിരുമേനി ഇടനാഴിയിലൂടെ നടക്കുന്നു. ലോകമാനദണ്ഡങ്ങൾ വച്ചു നോക്കിയാൽ, ഏറ്റവും മഹാനും ഏറ്റവും ബലിഷ്ഠനുമായ മാർപാപ്പാ. ഉൽക്കർഷേച്ഛുവും പ്രതാപകാംക്ഷിയും അഭിജാതനുമായ ഒരു തികഞ്ഞ രാജ്യതന്ത്രജ്ഞൻ. രാജാക്കന്മാരും ഭരണാധികാരികളും മാർപ്പാപ്പായുടെ അധികാരത്തിനു വഴങ്ങിക്കൊടുത്തു. അദ്ദേഹത്തിന്റെ കാലത്ത് റോമാബിഷപ്പിന്റെ ശക്തി വളരെയധികം പ്രബലപ്പെട്ടിരുന്നു.

അതാ, ഒരു ശബ്ദം കേൾക്കുന്നു. കാലടികൾ ഇടനാഴിയിലൂടെ അടുത്തടുത്തു വരുന്നുണ്ട്. യുവത്വം തുളുമ്പുന്ന മഹാപ്രധാനാചാര്യൻ, തലയുയർത്തി നോക്കി. നഗ്നപാദനായ ഒരു കുറിയ മനുഷ്യൻ നടന്നടുക്കുന്നുണ്ട്. ഒരു നിമിഷനേരത്തേക്കു അവരിരുവരുടെയും ദൃഷ്ടികൾ തമ്മിലിടഞ്ഞു. എന്തൊരന്തരം. സർവർക്കും ആജ്ഞനൽകാൻ ഇഷ്ടപ്പെടുന്ന വ്യക്തി ഒരു വശത്ത്, സകലരുടെയും ദാസനായിരിപ്പാനാഗ്രഹിക്കുന്ന വ്യക്തി മറുവശത്ത്, പ്രമുഖരിൽ പ്രാമാണികനാവാൻ ആഗ്രഹിക്കുന്ന വ്യക്തി ഇപ്പുറത്ത്, ചെറിയവരിൽ ചെറിയവനാകാൻ ആഗ്രഹിക്കുന്ന വ്യക്തി അപ്പുറത്ത്, വിശുദ്ധമായ ബലപ്രയോഗത്തിൽ സർവാത്മനാ വിശ്വസിക്കുന്ന പുരോഹിതവരേണ്യൻ ഒരു വശത്ത്, ബലപ്രയോഗം ലോകത്തിലെ ഏറ്റവും ദുർബലമായ ആയുധമാണെന്ന് ബോധ്യമുള്ള തീർത്ഥാടകൻ മറുവശത്ത്, ഒരു ഭാഗത്തു കൊടുങ്കാറ്റ്, എതിർഭാഗത്താകട്ടെ നിശ്ചലമായ കൊച്ചു ശബ്ദവും.

ഇന്നസെൻറ് സന്ദർശകനെ തുറിച്ചു നോക്കി. ആശ്ചര്യോപേതനായ അദ്ദേഹം അരമിനിറ്റു സമയം കേട്ടുനിന്നു. തന്റെ അനുഗ്രഹം യാചിക്കാൻ വന്ന ഒരു സന്യാസസമൂഹാംഗമാണത്രെ. ലോകത്തിലെ സർവ രാജാക്കന്മാരുടേയും ക്രൂ് നിർബന്ധപൂർവം കീഴടക്കിട്ടുള്ള തനിക്ക് ഈ ദയനീയനായ കൊച്ചു മനുഷ്യൻ ക്രൂ പ്രഖ്യാപിക്കുന്നു! അതിപ്രധാനമായ സാർവലൗകികപ്രശ്നങ്ങളുമായി മൽപിടിച്ചുകൊണ്ടിരുന്ന ആ വന്ദ്യ മഹാചാര്യനു അസുഖം തോന്നി. ഓടിക്കയറി വന്ന് തന്റെ ചിന്താശ്രേണി വിഘ്നപ്പെടുത്തിയ കൊച്ചു മനുഷ്യനോടു പറഞ്ഞു. പോയി പന്നികളോടുകൂടി ചെളിയിൽ കിടന്നുരുളാൻ.

നിർഭാഗ്യകരമായ ഒരു പദപ്രയോഗമാണത്. അത് അദ്ദേഹം മനസ്സിരുത്തി പറഞ്ഞതാണെന്നു വരുകിൽ, ഫ്രാൻസിസ് അനുവാദമപേക്ഷിച്ചതും അക്കാര്യത്തിനുവേണ്ടിത്തന്നെയാണെന്നു കാണാം.

പക്ഷേ, ആ നിമിഷം തീരെ അനവസരമായിപ്പോയി. തിരുമേനി വിഷണ്ഡനായിരിക്കയാണ്. ഫ്രാൻസിസ് തിരിഞ്ഞു, ഇടനാഴിയിൽക്കൂടി പുറത്തേക്കു നടന്നു.

THE BANK OF NEW INDIA Ltd.

H. O. TRIVANDRUM

BOARD OF DIRECTORS:

Sri. K. George B. A., Trivandrum (Chairman)
,, E. J. Philipose B. A. B. L. Trivandrum.
,, N. O. Inasu, Trichur,
,, P. C. Kurian M. A. B. L., Madras.
,, C. J. John B. A. Kottayam.
,, P. T. Varughese, Perumpavoor.
,, P. K. Chacko, Alwaye.

K. E. CHERIAN,
General Manager.

വാരപഞ്ചാംഗം

	ഒക്ടോബർ	കന്നി
ഞായർ	3	17
തിങ്കൾ	4	18
ചൊവ്വാ	5	19
ബുധൻ	6	20
വ്യാഴം	7	21
വെള്ളി	8	22
ശനി	9	23

Thought for the Week

The church, as church has no interest in establishment, endowment or any such thing. Its officers and members are very much interested in these matters as christian citizens or even as personally affected, but not as members of the body of christ who had not where to lay His head.

Archbishop Temple.

THE CHURCH WEEKLY

ജീവൻ ദാനം

ഭൂദാനയജ്ഞം ആചാര്യ വിനോബഭാവെ ആരംഭിച്ചശേഷം കേൾക്കുവാൻ തുടങ്ങിയ മറ്റൊരു ദാനവിശേഷമാണ് ജീവൻ ദാനം. അവരവർക്കുള്ള വസ്തുവകകളൊ, സാധനങ്ങളൊ, മറ്റുള്ളവർക്കു ദാനം ചെയ്യുന്നതിൽ ഒരു ഔദാര്യ മനസ്ഥിതി പ്രകടമാകുന്നുണ്ട്. അതിൽ കവിഞ്ഞ സ്വയത്യാഗം പ്രകടമാകുന്ന ദാനമാണ് അവരവരെത്തന്നെ ദാനം ചെയ്യുകയെന്നുള്ളത്. സമസൃഷ്ടങ്ങൾക്കുവേണ്ടി സേവനം ചെയ്യുവാനുള്ള തീരുമാനത്തോടുകൂടി സ്വന്തജീവൻ മുഴുവനായി അർപ്പിക്കുകയെന്നതാണ് ജീവൻ ദാനം. ഭാരതം ചരിത്രത്തിലെ ഒരു വഴിത്തിരിവിൽനിൽക്കുകയാണ്. ജനാധിപത്യപരമായ ഭരണസമ്പ്രദായമാണ് സ്വതന്ത്ര ഇൻഡ്യ സ്വീകരിച്ചിട്ടുള്ളത്. ആ ഭരണരീതിയുടെ വിജയത്തിന് അത്യന്താപേക്ഷിതമായിട്ടുള്ളത് വിവേകപൂർവം സമ്മതിദാനാവകാശം വിനിയോഗിക്കുന്ന സംസ്കാരസമ്പന്നരായ ഒരു ജനതയാണ്. അഭിലഷണീയങ്ങളായ പാരമ്പര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കഴിവും ആ ജനതയ്ക്കുണ്ടായിരിക്കണം. എന്നാൽ ജനായത്ത ഭരണത്തിന്റെ ശൈശവാവസ്ഥയിൽ മാത്രം സ്ഥിതിചെയ്യുന്ന നവീന ഭാരതത്തിന് നേരിടേണ്ട ഒരു അപകടസാദ്ധ്യത നിലകൊള്ളുന്നുണ്ട്. ജനായത്തമെന്നപേരിൽത്തന്നെ ജനങ്ങളുടെ സമ്മതിദാനം കരസ്ഥമാക്കിയശേഷം ജനായത്ത ഭരണ സിദ്ധാന്തങ്ങളെയെല്ലാം ദൂരെവലിച്ചെറിഞ്ഞു സ്വേച്ഛാധികാരം ഉറപ്പിക്കുന്ന ഒരു രാക്ഷസീയ നയം സ്വീകരിച്ചിരിക്കുന്ന ഒരു പാർട്ടി സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു യുഗമാണിത്. റഷ്യയിൽ ഈ ഭരണം സുസ്ഥാപിതമായിക്കഴിഞ്ഞു. അവരോടനുകൂലിച്ചു നിൽക്കുന്ന രാജ്യങ്ങളിലെല്ലാംആ ഭരണസമ്പ്രദായം ഏർപ്പെടുത്തുവാനാണ് അവരുടെ പ്രയത്നം. ചൈന ആ വഴിക്കു തിരിഞ്ഞു. ഏഷ്യയിലെ ഏറ്റവും സുശക്തമായ രാജ്യം ഇൻഡ്യയാണ്. റഷ്യയും ചൈനയും അവരുടെ ചേരിയിലേക്കു ഇൻഡ്യയെ വലിച്ചിഴയ്ക്കുവാൻ സുസംഘടിതമായ ശ്രമം നടന്നുകൊണ്ടിരിക്കുന്നു. ഈയവസരത്തിൽ കമ്യൂണിസ്റ്റാശയങ്ങളും രീതികളും നിർബാധം പ്രചരിക്കുവാൻ ഇൻഡ്യയിൽ അനുവദിച്ചിട്ടുണ്ട്. ജനകീയ സ്വാതന്ത്ര്യത്തിന്റെ പേരിൽ അതു നിരോധിക്കുവാനും വിഷമം. ഏതുരാജ്യത്തും വസ്തുവകകൾ ഇല്ലാത്തവരും അസംതൃപ്തരുമായ ജനങ്ങൾ ഭൂരിപക്ഷമായിരിക്കും. സമ്പത്തുള്ളവർ തന്നെ "അധികാരം" ഇല്ലാത്തതിൽത്തന്നെ അസംതൃപ്തരായിത്തീരും. അധികാരമോഹത്തിൽ സമ്പത്തില്ലാത്തവർ തന്നെയല്ല അധികാരം ഇല്ലാത്തവരും ആ പാർട്ടിയിൽ കടന്നുകൂടും. അങ്ങനെ പ്രലോഭനങ്ങൾക്കു വശംവദരാകാൻ ഇടയുള്ള ഒരു ജനതയാണ് ജനായത്തഭരണസമ്പ്രദായത്തിൽ കമ്യൂണിസത്തിൽ ചെന്നുചാടുന്നത്. കമ്യൂണിസത്തിലെ സാമ്പത്തികആദർശത്തിന്റെ ശാസ്ത്രീയതയെ ചോദ്യംചെയ്യാത്തവർക്കുതന്നെ ഭയാനകവും അപകടസമ്പൂർണ്ണവുമായി നിലകൊള്ളുന്നത് അതിലെ ആദ്ധ്യാത്മികമൂല്യങ്ങളുടെ അവഹേളനമാണ്. ലോകചരിത്രാരംഭംമുതൽ നന്മയായും, മാഹാത്മ്യമേറിയതുമായി ലോകത്തിലെ ഏറ്റവും യോഗ്യന്മാരും നല്ലവരുമായിരുന്നവർ വിലമതിച്ചിട്ടുള്ളതെല്ലാം കടലിലെറിയണമെന്ന് പറയുന്ന ഒരു സിദ്ധാന്തം നിശ്ചയമായും ലോകപുരോഗതിയെ യുഗങ്ങളിലേക്കു പുറകോട്ടടിക്കുകയാണ്. മൃഗീയവും കിരാതവുമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനെ സിദ്ധാന്തപരമായിട്ടെങ്കിലും തടയുവാനും അവർ തുനിയുന്നില്ല. തെലുങ്കാനായിൽ അങ്ങനെയൊരു ശ്രമം "ഇല്ലാത്തവരെ" ഇളക്കിവിട്ടു കമ്യൂണിസ്റ്റുകാർ നടത്തി. കൊള്ളിവയ്പും കൊള്ളയും നടന്ന ഒരു വിപൽസന്ധിയിൽ അവിടെ സമാധാനം പുനസ്ഥാപിക്കാൻ എത്തിച്ചേർന്ന ആചാര്യവിനോബഭാവെ ആദ്യം ഭൂദാനയജ്ഞവും പിന്നെ ജീവൻദാനവും രക്ഷാമാർഗ്ഗമായി കണ്ടു. അദ്ധ്യാത്മികമായ ശാശ്വതമൂല്യങ്ങളെ വിലമതിക്കുന്നവർക്ക് "ജീവൻദാന"ത്തിന്റെ അർത്ഥം ദുർഗ്രാഹ്യമല്ല. യേശുക്രിസ്തുവിന്റെ ജീവൻദാനം ലോകചരിത്രത്തിലെ ഏറ്റവും സുപ്രധാനസംഭവമായി നിലകൊള്ളുന്നു. ആ ജീവിതമാഹാത്മ്യത്തിൽ ആകൃഷ്ടരായ അനേകരുടെ 'ജീവൻദാനം' ക്രിസ്തീയചരിത്രത്തിലെ ഏടുകളാണ്. അപ്പോസ്തോലന്മാരും, പിന്നീട് പല നൂറ്റാണ്ടുകളിൽ ആദ്ധ്യാത്മികചൈതന്യംവിതറിയ പുണ്യാത്മാക്കളും ജീവൻദാനം നൽകിയവരാണ്. അവരുടെ പാവനചരിത്രസ്മരണയിൽ നിമഗ്നരാകേണ്ട ഒരു ജനത ഇൻഡ്യയുടെ തെക്കേക്കോണിൽ നൂറ്റാണ്ടുകളായി സ്ഥിതിചെയ്തുവരുന്നുണ്ട്. "അനപ്പാപ്പി" തുടങ്ങിയ ജീവൻദാനക്കാരുടെ ചരിത്രമാണ് അവർ കൂട്ടലായി സൃഷ്ടിച്ചിട്ടുള്ളതെന്നു പറഞ്ഞാൽ നമ്മിൽ പലർക്കും അതു അരോചകമായിത്തോന്നാം. എന്നാൽ സാധാരണജനങ്ങളെ ദൈവികമായ ശാശ്വതമൂല്യങ്ങളിലേക്കു തിരിക്കുന്ന 'ജീവൻദാന" ചരിത്രത്തിന്റെ അഭാവമാണ് നമ്മുടെ സഭയുടെയുംമറ്റു ക്രിസ്തീയവിഭാഗങ്ങളുടെയും പരാജയകാരണങ്ങളായി സ്ഥിതിചെയ്യുന്നതെന്നോർക്കുവാൻ "ജീവൻദാനതീർത്ഥാടനങ്ങൾ നടത്തുന്ന ആചാര്യവിനോബഭാവെ ജയപ്രകാശ് നാരായണൻ തുടങ്ങിയനേതാക്കന്മാർ നമ്മെ സഹായിക്കുമെന്നു വിശ്വസിക്കുന്നു.

നീമോളരുടെ കത്ത്

സോവ്യറ്റുയൂണിയനിൽ പാർപ്പിച്ചിരിക്കുന്ന ജർമ്മൻ യുദ്ധതടവുകാരെയുംമറ്റുംഉടനടി മോചിപ്പിക്കുന്നതിനു റഷ്യൻ ഓർത്തഡോക്സ്‌സഭ സോവ്യറ്റുഗവണ്മെന്റുമായി ഇടപെടണമെന്നാവശ്യപ്പെട്ടുകൊണ്ട് മാർട്ടിൻ നിമോളർ മോസ്കോ പാത്രിയർക്കീസിനു ഒരു കത്തയച്ചിരിക്കുന്നു.

ചർച്ച് വീക്ക്‌ലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

	രൂ.	ണ.	പ.
ഒരു വർഷത്തേക്ക്	6	0	0
ആറു മാസത്തേക്ക്	3	0	0
ഒററപ്രതി	0	2	0
ഇൻഡ്യക്കു വെളിയിൽ	8	0	0

പ്രതിവാരപ്രഭാഷണം (The Sermon for the Week)

അയ്യോ; ഞാൻ കേവലം ബാലനല്ലോ!

(ടി. പി. വി.)

"അയ്യോ, യഹോവയായ കർത്താവേ, എനിക്കു സംസാരിപ്പാനറിഞ്ഞുകൂടാ. ഞാൻ കേവലം ബാലനല്ലോ."

യിരെമ്യാവ് 1. 6.

പതിനെട്ടു വയസ്സിൽ കവിയുകയില്ല പ്രായം. പ്രോജ്ജ്വല നയനങ്ങൾ കാണിക്കുന്നതു് മസ്തിഷ്കത്തിന്റെ തീക്ഷ്ണതയേയോ ഹൃദയത്തിന്റെ ഉറപ്പിനേയോ അതോ രണ്ടിനേയും കൂടിയോ? യഹൂദബാലന്മാർക്കു പതിവുള്ള ആചാരങ്ങളുടെ പഠിത്തം കുറച്ചു കഴിച്ചിട്ടുണ്ടു്. ദൈവഭയം വളരെ കൂടും. തന്റെ സാന്നിദ്ധ്യംമൂലം സീനായി പർവ്വതത്തെ കുലുക്കി അതിൽനിന്നും തീ പുറപ്പെടുവിച്ച അഗ്നിമയനും അപ്രാപ്യനുമായ യിസ്രായേലിന്റെ ദൈവത്തെപ്പററി ഭയമല്ലാതെ സ്നേഹമെങ്ങിനെ ആ ബാലനുണ്ടാകും? തന്റെ പിതാവായ ഹില്ക്കീയാ പുരോഹിതൻ യഹോവയ്ക്കു നൽകുവാൻവേണ്ടി വളർത്തിക്കൊണ്ടു വന്നിട്ടുള്ളതാണു് തന്നെയെന്നു് യുവാവായ യെറമിയാസ്സറിയാമായിരുന്നു. യെറം യാഹൂ—യഹോവാ ഉയർത്തും അഥവാ സ്ഥാപിക്കും എന്നാണു് തന്റെ പേരിനു് തന്നെ അർത്ഥം.

ഇതൊക്കെയാണെങ്കിലും യോശീയാരാജാവിന്റെ വാഴ്ചയുടെ പതിമൂന്നാം വർഷത്തിലുണ്ടായ ആ സംഭവത്തിനു് താൻ തയാറായിരുന്നില്ല. അഗ്നിവസ്ത്രരായ തേജോമയമാലാഖമാർ ദൂരെ നിന്നു് തന്നെ ആരാധിച്ചു വന്ദിക്കുന്ന യഹോവയായ ദൈവം തനിയ്ക്കു് നേരിട്ടു് പ്രത്യക്ഷനാകുമെന്നു ആ യുവാവെങ്ങനെയാണു് കരുതുന്നതു്? പ്രത്യക്ഷനായിട്ടു് പറയുന്നതോ: "നീ മാതൃഗർഭത്തിൽ രൂപമെടുക്കുന്നതിനു് മുമ്പേ നിന്നെ ഞാൻ തെരഞ്ഞെടുത്തിരിക്കുകയാണു്. നീ ജാതനാകുന്നതിന്നെത്രയോ മുൻപു തന്നെ, ഞാൻ നിന്നെ മാററി വച്ചിരിക്കുകയാണു് – രാഷ്ട്രങ്ങളോടു് എന്റെ വചനം ഉച്ചരിപ്പാനായി നിന്നെ ഞാൻ പ്രവാചകനായി നിയമിച്ചിരിക്കുന്നു,, എന്നു്.

അത്ഭുതത്തിനവകാശമുണ്ടോ ആ യുവാവിന്റെ മറുപടിയിൽ: "അയ്യോ, നിതാന്തനാഥനായ ദൈവമേ, എനിക്കു് പ്രഭാഷണപാടവമില്ല, ഞാൻ ബാലനല്ലോ!"

നാഥനായ ദൈവമോ അവനോടു പറയുകയാണു്, "ഞാൻ ബാലനല്ലോ, എന്നു് നീ പറയരുതു്; ഞാൻ നിന്നെ അയയ്ക്കുന്നിടത്തു നീ പോകണം; ഞാൻ നിന്നോടു് ആജ്ഞാപിക്കുന്നതിനെ നീ പ്രഭാഷിക്കണം. അവരെക്കണ്ടു് നീ ഭയപ്പെടേണ്ട. നിന്നെ സഹായിക്കുന്നതിനു് ഞാൻ നിന്നോടു കൂടെയുണ്ടു്.

എന്നു് പറയുകമാത്രമല്ല ദിവ്യഹസ്തം നീട്ടി അത്ഭുതസ്തബ്ധനായ ആ യുവാവിന്റെ അധരങ്ങളെ തൊടുകയും കൂടെ ചെയ്തുകൊണ്ടു് കല്പിക്കുകയാണു്.

"ഇതാ, എന്റെ വചനങ്ങളെ ഞാൻ നിന്റെ വായിൽ നിക്ഷേപിച്ചിരിക്കുന്നു. രാഷ്ട്രങ്ങളുടേയും സാമ്രാജ്യങ്ങളുടേയും മേൽ നിനക്കു് ഞാൻ അധികാരം നൽകുന്നു—നിർമ്മൂലനംചെയ്വാനും പൊളിച്ചുകളയുവാനും തകർപ്പാനും ഇടിച്ചുകളയുവാനും, അപ്രകാരംതന്നെ പണിയുവാനും നടുവാനുമുള്ള അധികാരം.,,

പതിനെട്ടു വയസ്സുള്ള ബാലൻ ദരിദ്രപുരോഹിതന്റെ പുത്രൻ, വിദ്യാഭ്യാസമില്ല, വാഗ്ചാതുരിയില്ല. നേതൃത്വശക്തികളൊന്നുമില്ല. രാജാധിരാജാവായ ദൈവം വിളിക്കുന്നതോ മനുഷ്യചരിത്രത്തിലെ മഹാനിമിഷങ്ങളിലൊന്നായ യറൂശലേമിന്റെ നാശഘട്ടത്തിൽ, യിസ്രായേൽജനതയോടും അന്യ സാമ്രാജ്യങ്ങളോടും അവരുടെ ഹിതത്തിനു് കടകവിരുദ്ധമായ ദൈവഹിതം ധൈര്യപൂർവം കൊട്ടിഘോഷിക്കുവാൻ നടുങ്ങുകയില്ലേ ലോകപരിചയവും ജിഹ്വാബലമുള്ളവർപോലും!

ഒരുദാഹരണം: യരുശലേം നഗരം ബാബിലോൺ രാജാവിന്റെ സൈന്യങ്ങളാൽ വളയപ്പെട്ടിരിക്കുന്നു. ഈജിപ്തിൽനിന്നും സഹായം ലഭിക്കുവാനിടയുണ്ടു്. യരുശലേമിന്റെ മതിലുകൾ പല ദിഗ്വിജയികളേയും പിന്തിരിപ്പിച്ചിട്ടുള്ളതാണു്. യരുശലേം യഹോവയുടെ നഗരമാണു്. അതിനു് യാതൊരു കേടുപാടും പററുവാൻ സാദ്ധ്യമല്ലാ എന്നാണു് മഹാപുരോഹിതന്മാരുടെ അഭിപ്രായം. നാട്ടുനശിച്ചാലും പട്ടിണികൊണ്ടു ഇസ്രായേൽമുഴുവൻ ചത്തൊടുങ്ങിയാലും ബാബേൽരാജാവിനു് കീഴടങ്ങരുതെന്നാണു് രാജ്യഭക്തന്മാരുടെ ശാഠ്യം. ഈയവസരത്തിൽ ഒരു പ്രവാചകനു് യഹോവയിൽ നിന്നും നല്കപ്പെട്ടിട്ടുള്ള സന്ദേശമോ ഒരൊററവാക്കു് മാത്രം. "കീഴടങ്ങുക" പ്രവാചകനെ രാജ്യദ്രോഹിയെന്നും ബാബേൽ ചാരനെന്നും വിളിക്കുവാൻ കാരണംവേറെ വല്ലതും വേണമോ? "അവനെ കൊല്ലുക അവനെ കൊല്ലുക" എന്നു് (ഏഴുശതവത്സരകാലശേഷം പീലാത്തോസിന്റെയരമനയ്ക്കു് മുൻപിൽ വെച്ചു് നിലവിളിച്ചതിന്റെ മുന്നോടിയെന്നവണ്ണം) ജനങ്ങൾ ആർത്തു വിളിച്ചതിലോ, ചേർക്കുണ്ടിൽ തന്നെ വലിച്ചെറിഞ്ഞു കളഞ്ഞതിലോ, അത്ഭുതത്തിനവകാശമുണ്ടോ?

ദൈവം മനുഷ്യനെ വിളിക്കുന്നതു് സഭയിലെ പ്രമാണിയായി, ജനങ്ങളാലെല്ലാം പൂജിതനായ നേതാവായി, സുഭഗവും സുരഭിലവുമായ ഒരു പുഷ്പമെത്തയിൽകിടന്നു് ദൈവത്തെ സേവിക്കുവാനല്ല. അക്രമവും അനീതിയും, മാധുര്യമുള്ള കാപട്യവും മനുഷ്യൻ മനുഷ്യനെയുള്ള ചൂഷണവും സഹഭാവലേശംപോലുമില്ലാത്ത സ്വാർത്ഥതയും രാജ്യം ഭരിക്കുന്ന മനുഷ്യവംശത്തിൽ വൈനീത്യത്തോടുംദൈവഭയത്തോടുംകൂടെ, മനുഷ്യസ്നേഹവും സേവനസന്നദ്ധതയും കൈവളർത്തി, കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ നമുക്കു് കാണിച്ചുതരപ്പെട്ടിട്ടുള്ള ദൈവസ്നേഹം നമ്മുടെ ജീവിതം വഴിയായി അന്യർക്കു് പകർന്നു കൊടുക്കുവാൻ—തന്റെ ഉപകരണമായിത്തീരുവാൻ വേണ്ടിയാണു്. അങ്ങനെ ചെയ്യുകയെന്നുള്ളതു് ക്ലേശരഹിതമോ മനുഷ്യശക്തിയാൽ മാത്രം ക്ഷിപ്രസാദ്ധ്യമോ ആയിട്ടുള്ള കാര്യമല്ല. "അയ്യോ, ഞാൻ കേവലംബാലനല്ലോ" എന്നു മനുഷ്യനു് തോന്നിപ്പോകുന്നതു് അത്ഭുതാവഹമല്ല.

ഇന്നും ദൈവത്തിന്റെ അധരങ്ങളും പ്രതിപുരുഷന്മാരുമായി, മനുഷ്യരുടെ എതിർപ്പായ ക്രൂശുമേന്തി കാൽവറി മാർഗ്ഗത്തിലൂടെ നടക്കുവാൻ ദൈവം യുവാക്കന്മാരെയും പ്രായമായവരെയും വിളിക്കുന്നുണ്ടു്. എന്നാൽ കർത്തവ്യത്തിന്റെ വ്യാപ്തിയും കഴിവിന്റെ പരിമിതിയും തന്നത്താനറിയുന്നവർ, "അയ്യോഎനിക്കു് സംസാരിപ്പാനറിഞ്ഞുകൂടല്ലോ, ഞാൻ കേവലം ബാലനല്ലോ" എന്നു് യഥാർത്ഥമായി പരിതപിച്ചുകൊണ്ടിരിക്കുകയാണു്.

യുവാവായ യെറമിയാവിന്റെ വി

വി ശ ദീ പം

കർമ്മകാണ്ഡം

(പുത്തൻ കാവ് മാത്തൻതരകൻ)

സമർപ്പണവിരുന്ന്

ശ്രീകരമാകും ജറൂശലേം പള്ളിയിൽ
പോകമാറുള്ളപ്പോൾ ശ്രീയേശുനായകൻ
മാർത്തയും മേരിയും വാഴും സദനത്തിൽ
പാർത്തിട്ടും വിശ്രമം കൈവരിച്ചീടുവാൻ.
ഹേമന്തകാലത്തൊരിക്കൽ മഹേശ്വരൻ
നിർമ്മലശീലരാം സോദരിമാർവാണ
സന്മന്ദിരത്തിൽ നിവസിച്ചിരുന്നുതേ.
ജർശ്ശലേം പള്ളിയിലുണ്ടായിരുന്നന്നു
സാരമാം സദ്യയൊടൊത്ത മഹോത്സവം.
"മക്കാബിയസ്" ദേവമന്ദിരം സംശുദ്ധ—
മാക്കിയസംഭവമോർമ്മിക്കുവനായി
യൂദജനത കൊണ്ടാടി വന്നുള്ളൊരാ
സദ്യയ്ക്കു മേരീതനുജനും ചെന്നെത്തി
പള്ളിതന്നുള്ളിലും മീതെയും ചുററിലും
തുള്ളിക്കളിച്ചു വിളക്കിൻ കതിരുകൾ
ക്രിസ്തുദേവൻ തനിച്ച ദ്വിവ്യമന്ദിരം
തന്നുടെമുററത്തു ലാവിനാനേകനായ്
കണ്ടാർ പരീശരും മററു മുഖ്യന്മാരും
കർത്താവിൻ ചുററിലും കൂട്ടമായ് ച്ചെന്നെത്തി—
ച്ചോദ്യങ്ങളോരോന്നു ചോദിക്കയായ് വേഗം.
"ഞങ്ങൾതൻ ജിജ്ഞാസതെല്ലും ശമിപ്പിക്കാ—
തങ്ങെത്രവത്സര മേവം നടന്നിടും.
സാക്ഷാൽ മശീഹായാണെങ്കിൽ നിർഭയം
സന്ദേഹംകൂടാതെ ഞങ്ങളോടോതണം.
മക്കാബിയസ്സിനേക്കാളങ്ങശക്തനോ
സൽകീർത്തിമാനോ ശലോമോനേക്കാട്ടിലും"
തെല്ലുംമടിക്കാതെ കല്പിച്ചാൻ ശ്രീയേശു
ഞാനുമെൻ താതനുമൊന്നത്രേ താതന്റെ
മാന്യമാം കർമ്മങ്ങൾ ഞാനനുഷ്ഠിച്ചിതേ."
കർത്തൃവാക്യം കേട്ടു കോപിച്ച ദുഷ്ടന്മാർ
കല്ലെറിഞ്ഞീടുവാനാശിച്ചു നാഥനെ.
പക്ഷെ കരങ്ങളുയർത്തുവാനാവാതെ
പിൻവാങ്ങിനിന്നു പോയന്നുംപരീശന്മാർ.
ബന്ധിക്കണം ക്രിസ്തുനാഥനെയെന്നവർ
ചിന്തിച്ചുവെങ്കിലും ധൈര്യമുണ്ടായില്ല.
തന്നുപദേശത്താലാപ്പരീശസംഘത്തെ
നന്നാക്കുവാൻ സാധ്യമല്ലെന്നു കാൺകയാൽ
ക്രിസ്തുനാഥൻ മന്ദമാദിക്കു കൈവിട്ടു
യോർദ്ദാൻ നദിക്കു മറുകരെച്ചെന്നെത്തി.

ശപ്തഷ്ഠാന്തമായ ഈ വിഷമസന്ധിയിൽ നാഥനായ ദൈവമവനെ കാണിക്കുന്ന ദർശനദ്വയത്തെപ്പററി യെറമ്യാവിന്റെ പുസ്തകത്തിന്റെ ആദ്യഅധ്യായത്തിൽ നാം വായിക്കുന്നുണ്ട്. ആദ്യം താൻ കാണുന്നതു് ബദാം (almond) വൃക്ഷത്തിന്റെ ഒരു ശിഖരം. ഗാഢമായ അർത്ഥമാണീ ദർശനത്തിനു്. മധ്യപൂർവ്വദേശത്തെ ശൈത്യകാലത്തു് വൃക്ഷങ്ങളെല്ലാം ഇലപൊഴിഞ്ഞു് കൊമ്പുകൾ മാത്രമായാണു് നിലകൊള്ളുന്നതു്. ശരൽക്കാലം വരുമ്പോൾ ഓരോന്നിൽനിന്നും ഇലയും പൂവും പൊട്ടിപ്പുറപ്പെട്ടു് മരുഭൂമിപോലെകിടന്നിരുന്ന വൃക്ഷലോകം ജീവൻവീണ്ടു പ്രാപിച്ചു് പച്ച ധരിക്കുന്നു. ഇങ്ങനെ ആദ്യം പച്ചപിടിക്കുന്ന വൃക്ഷമാണു് ബദാം. എബ്രായഭാഷയിൽ ഈ വൃക്ഷത്തിനു ഷോക്കേദ് എന്നാണു് പേർ. ഷോക്കേദ് എന്ന പദത്തിനു് ഉണർന്നിരിക്കുന്നവൻ, അഥവാ കാവൽക്കാരൻ എന്നും അർത്ഥമുണ്ടു്. ശരൽക്കാലത്തിന്റെ സമയമറിഞ്ഞു് ശൈത്യകാല നിശയുടെ അന്ത്യയാമത്തിൽ ഉണർന്നെഴുന്നേൽക്കുന്ന ബദാം വൃക്ഷത്തെപ്പോലെ, മരുഭൂമിപോലെ ഉണങ്ങിവരണ്ടു കിടക്കുന്ന യിസ്രായേൽ ജനതയെ പച്ചപിടിപ്പിക്കുവാൻ താൻജാഗരൂകനായിരിക്കുന്നുവെന്നാണു് ഈ പ്രഥമ ദർശനത്തിന്റെ അർത്ഥം.

രണ്ടാമത്തെ ദർശനമോ, തിളച്ചുമറിയുന്ന ഒരുരുളി, ഉരുളിയുടെ വടക്കുഭാഗം അല്പം പൊന്തിനിൽക്കുന്നതു് കൊണ്ടു് വടക്കുനിന്നും തെക്കോട്ടു് ഈ തിളയ്ക്കുന്ന എണ്ണ മറിഞ്ഞൊഴുകാനിടയുണ്ടെന്നുള്ളതാണർത്ഥം. ഉത്തരഭാഗങ്ങളിൽ നിന്നുമുള്ള സ്കിതിയാ (Scythians) ക്കാരുടെ ആക്രമണമോ, അല്ലെങ്കിൽ, കിഴക്കുനിന്നും വടക്കൻവഴിയിൽക്കൂടി ഇറങ്ങിവരുന്ന ബാബേൽപ്പടകളോ ആയിരിക്കും ദൈവകോപത്തിന്റെ തിളച്ചുമറിയുന്ന ഉരുളിയായി ഇസ്രായേൽ ജനതയുടെ മേൽ വീഴുന്നതു്. അങ്ങനെയുള്ള ഒരത്യാപത്തു കൊണ്ടുമാത്രമേ ഇസ്രായേൽ ജനതയുണരുവാനും അങ്ങനെയവർ ദൈവകാരുണ്യമാകുന്ന പച്ചപിടിക്കുവാനുമിടയാവുകയുള്ളുവെന്നാണു് ദർശനസാരം. ചരിത്രത്തിലുമങ്ങിനെ തന്നെയാണുണ്ടായതു്. ക്രിസ്തുവിനു മുൻപുള്ള ആറാം ശതകത്തിന്റെ ആരംഭകാലത്തുണ്ടായ യെറുശലേമിന്റെ നാശവും യഹൂദ്യജനതയുടെ ബന്ധിതമായ ബാബേൽ വാസവും കഴിഞ്ഞതിനോടുകൂടിയാണു് യഹൂദമതത്തിന്റെ ആദ്ധ്യാത്മിക സുവർണ്ണയുഗമാരംഭിക്കുന്നതു്. യെരുശലേമിലെ ദേവാലയവും ദാവീദിന്റെരാജസിംഹാസനവും നിശ്ശേഷം നിർമ്മൂലമായതിനു ശേഷമേ, ദൈവം ബലിയേക്കാൾ തകർന്ന ഹൃദയത്തെതാല്പര്യപ്പെടുന്നുവെന്നു് യഹൂദ്യർക്കു് ബോദ്ധ്യമായുള്ളു.

ഇന്നു് ആദ്ധ്യാത്മിക മരുഭൂമിയുടെ പ്രതീതി തോന്നിക്കുന്ന നമ്മുടെ സഭയിൽ ബദാംവൃക്ഷത്തിന്റെ കൊമ്പുകൾ പലതും കാണുന്നുണ്ടു്. ആദ്ധ്യാത്മികശരൽക്കാലത്തിന്റെ മുന്നോടിയായ ഒരു അസ്വാസ്ഥ്യം (restlessness) നമ്മുടെ യുവജനങ്ങളുടെഇടയിൽ ധാരാളം കാണാനുണ്ടു്.

തിളച്ചുമറിയുന്ന ഉരുളികളും നമ്മുടെ ചുററും വേണ്ടതു് കാണുന്നുണ്ടു്. നിരീശ്വരജീവിതയവലോകനങ്ങളുടെ വേലിയേററമായാലും സഹഷ്ണുതയില്ലാത്ത ദേശീയമതാഭിനിവേശമായാലും ക്രിസ്തീയ സഭയുടെ അലംഭാവത്തെ പൊളളിച്ചു നശിപ്പിക്കുവാൻ കഴിവുള്ള പല വിപ്ളവശക്തികളും നമ്മുടെ സാമുദായികാന്തരീക്ഷത്തിൽ സ്ഥലം പിടിച്ചിരിക്കുന്നു.

ഞാൻ കേവലം ബാലനല്ലേ, എന്നു് കരുതി ദൈവവേലയ്ക്കു് മുന്നോട്ടിറങ്ങുവാൻ ധൈര്യപ്പെടാത്ത ചെറുപ്പക്കാരും ധാരാളം. എന്നാൽ ക്രൂശെടുപ്പാൻ സന്നദ്ധതയുള്ളവർക്കു് ക്രൂശുവഹിപ്പാനുള്ള

വേദവായനക്കുറിപ്പുകൾ

വെള്ളി. മത്താ: 7: 1—5.

മററുള്ളവരുടെ കുററം എടുത്തു പറയുന്നതിൽ നമുക്കെന്താണിത്ര രസം? നമ്മുടെ ഹൃദയത്തിലുള്ള പാപബോധത്തെ മറച്ചുവെയ്ക്കാനുള്ള ഒരു ശ്രമമാണിതു്. നമ്മേക്കാൾ കുററക്കാരനാണു് മറേറയാൾ. നാം ചെയ്യുവാനിടയില്ലാത്ത ഒരു കാര്യം അയാൾ ചെയ്തുകൊണ്ടാണല്ലോ നാമിപ്പോൾ അയാളെ കുററം വിധിക്കുന്നതു്. അപ്പോൾ അങ്ങനെ നാം സ്വയം നീതിമാന്മാരാകുന്നു.

നമ്മുടെ പാപങ്ങളെ മറച്ചുവെയ്ക്കാനുള്ള ഈ ശ്രമം നമുക്കും മററുള്ളവർക്കും ഒരുപോലെ ഹാനികരമാണു്. നമ്മെ അതു കപടഭക്തരാക്കുന്നു. ദുരഹങ്കാരികളാക്കുന്നു. അന്യന്റെ സല്പേരിനെ നാം കളങ്കപ്പെടുത്തുന്നു. അവനും നാമും തമ്മിലുള്ള ബന്ധത്തെ നാശമാക്കുന്നു. ദൈവമുൻപിൽ നാം അസത്യവാന്മാരായിത്തീരുന്നു. ഇതൊക്കെയുള്ളതുകൊണ്ടാണു് “നിങ്ങൾ വിധിക്കപ്പെടാതിരിക്കുന്നതിനായി നിങ്ങൾ അന്യരെ വിധിക്കാതിരിക്കുവിൻ” എന്നു് യേശുനാഥൻ പഠിപ്പിച്ചതു്.

അതുകൊണ്ടു് ഇന്നുമുതൽ മററുള്ളവരിൽ നല്ലതു കാണുവാനേ ഞാൻ ശ്രമിക്കുകയുള്ളുവെന്നു് ഒരു തീരുമാനം ചെയ്യുക. മററുള്ളവന്റെ കുററം പറയുന്ന സ്ഥലത്തു് അവനെപ്പററി നന്മയായുള്ളതു് പറയുക. ഒരുത്തൻ യഥാർത്ഥത്തിൽ കുററം ചെയ്തിട്ടുണ്ടെങ്കിൽ അതെന്തുകൊണ്ടങ്ങനെ ചെയ്തുവെന്നു് അനുഭാവപൂർവം അവന്റെ സ്ഥാനത്തു് നമ്മെത്തന്നെ ഭാവനചെയ്തുകൊണ്ടു് ചിന്തിക്കുക. കുററം ചെയ്തവനെ ന്യായം വിധിക്കാതെ അവൻ നല്ലവനായിത്തീരുവാൻ ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുക.

ശനി. യാക്കോ. 1: 12—15.

പലപ്പോഴും പലരും ചോദിക്കാറുണ്ടു്. ദൈവം സ്നേഹാത്മാവാണെങ്കിൽ, ഈ ലോകത്തിലെന്തുകൊണ്ടിത്ര വളരെ പ്രയാസങ്ങളും കഷ്ടപ്പാടുകളും? മനുഷ്യജീവിതത്തെ ദൈവം എന്തുകൊണ്ടു് ലളിതസുന്ദരവും ഉല്ലാസമധുരവുമായി സൃഷ്ടിച്ചില്ല?

യാക്കോബുശ്ലീഹാ പറയുന്ന രണ്ടു കാര്യങ്ങളുണ്ടു്. ഒന്നാമതു് പരീക്ഷകളും പ്രയാസങ്ങളും മനുഷ്യജീവിതത്തിലുണ്ടാവുന്നതു് സ്രഷ്ടാവിന്റെ തെററുകൊണ്ടല്ല, മനുഷ്യന്റെ പാപം മൂലമാണു്. ഇതു് നമുക്കു മനസ്സിലായിക്കഴിയുമ്പോൾത്തന്നെ പ്രയാസങ്ങളുടെയുപരി ഒരു പകുതി വിജയമായി. ഞാൻ പ്രയാസമനുഭവിക്കുന്നതു് എന്റെ പാപംകൊണ്ടു് എന്നല്ല വേദവചനം. പിന്നെയോ മനുഷ്യവംശം കഷ്ടമനുഭവിക്കുന്നതു് മനുഷ്യവംശത്തിന്റെ പാപഫലം. നമ്മിലൊരുത്തർക്കും മററൊരുത്തന്റെ പ്രവൃത്തികളെപ്പററി ചുമതലയില്ലെന്നു പറയുവാൻ സാദ്ധ്യമല്ല. കർത്താവേ ഞങ്ങൾ പാപം ചെയ്തുപോയി. ഞങ്ങളുടെ ദുരിതങ്ങൾക്കെല്ലാം ഞങ്ങളർഹന്മാരാകുന്നു.”

രണ്ടാമതു് പ്രയാസങ്ങളെ മനുഷ്യന്റെ നന്മയ്ക്കായി ഉപയോഗിക്കുവാൻ ദൈവം താൽപ്പര്യപ്പെടുന്നു. അതു് ദൈവത്തിങ്കൽ നിന്നുമുള്ള ഒരു സദ്ദാനമായി നാം സ്വീകരിക്കുന്നെങ്കിൽ നമ്മുടെ സ്വഭാവസംസ്കരണത്തിനും ദൈവസംസർഗ്ഗത്തിന്റെ വർദ്ധനവിനുമുതകുന്ന ദുരിതത്തിൽ നാം കുപിതരാവുകയാണെങ്കിൽ അതു് നമ്മെ ദൈവത്തിൽ നിന്നും അകററുന്നു. സ്വഭാവത്തെ മൂർഖമാക്കുന്നു. ദുരിതത്തിന്റെ ശക്തിവർദ്ധിപ്പിക്കുന്നു. “ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, അവനു് വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു് വരം നല്കപ്പെട്ടിരിക്കുന്നു.” (ഫിലി: 1. 29:)

ശക്തി ക്രൂശിനെ ജയത്തിന്റെ അടയാളമാക്കിയ കാൽവറിയിലെ കർത്താവു് തരും. “ഞാൻ നിങ്ങളോടുകൂടെയുണ്ടു്—പ്രപഞ്ചാവസാനത്തോളം” എന്നല്ലോ തന്റെ അന്ത്യവചനം.

ക്രൈസ്തവലോകവാർത്തകൾ

(കെ. വി. എം.)

ജർമ്മനി

പൂർവജർമ്മനിയും പശ്ചിമജർമ്മനിയും തമ്മിൽ യോജിക്കണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം പൂർവജർമ്മനിയിലെ മെതഡിസ്റ്റ് സഭ അംഗീകരിച്ചിരിക്കുന്നു. ജർമ്മനിയെ രണ്ടായി തിരിച്ചിരിക്കുന്ന അതിരു് നീക്കംചെയ്തു സമാധാനപൂർവമായ ഒരു സംയോജനം നടത്തുന്നതിനാണു് മെതഡിസ്റ്റ് സഭ ആഗ്രഹിക്കുന്നതു്. രണ്ടുമേഖലകളിലും സഭ വികസിച്ചിട്ടുള്ളതിനാൽ ഇങ്ങനെയുള്ള ഒരു രാഷ്ട്രീയസംയോജനം സഭയ്ക്കു നിവാര്യമാണു്. പൂർവജർമ്മനിയിൽ 65000 മെതഡിസ്റ്റ് സഭാംഗങ്ങൾ ഉണ്ടു്.

ഒരു ജനാധിപത്യരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനും സംരക്ഷിക്കുന്നതിനും പശ്ചിമജർമ്മനിയിലെ ഇവാൻജലിക്കൽ ക്രൈസ്തവർ കത്തോലിക്കരുമായി സഹകരിക്കണമെന്നു പ്രോട്ടസ്റ്റൻറു സഭാനേതാക്കന്മാർ ആഹ്വാനം ചെയ്തിരിക്കുന്നു. ലോകത്തിലെ ഒരു പരിപാവന വ്യവസ്ഥിതിയാണു് സ്റേറററെന്നും അതിനാൽ ക്രൈസ്തവപൗരന്മാർ അവരുടെ അയൽരാജ്യങ്ങളുടെയും നിലനില്പിനും സ്വാതന്ത്ര്യത്തിനും വേണ്ടി നിലകൊള്ളണമെന്നും പ്രസ്തുത ആഹ്വാനത്തിൽ പറഞ്ഞിരിക്കുന്നു. സ്റേററിനു പരമാധികാരം കൊടുത്തതിൽനിന്നുണ്ടായ ദുരിതസഞ്ചയങ്ങൾ ജർമ്മനിയിലെ ക്രൈസ്തവസഭയും ജനങ്ങളും മനസ്സിലാക്കിക്കഴിഞ്ഞു.

പ്രസിദ്ധീകരണങ്ങൾ വർദ്ധിക്കുന്നു

ജർമ്മനിയിൽ മതപരമായ പ്രസിദ്ധീകരണങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഏഴുവർഷത്തിനുള്ളിൽ ആറിരട്ടിയാണു് വർദ്ധനവുണ്ടായിരിക്കുന്നതു്. ഇപ്പോഴുള്ള 524 സഭാപ്രസിദ്ധീകരണങ്ങൾക്കു മൊത്തം 12800,000 പ്രതികൾ ചെലവുണ്ടു്. മലങ്കരസുറിയാനിസഭയിലെ സഭാപരമായ പ്രസിദ്ധീകരണങ്ങളുടെ നിലയും പ്രചാരവും എത്ര ശോചനീയമാണു്. മതകാര്യങ്ങൾ വായിച്ചറിയുന്ന “മടയന്മാർ” ഇവിടെ കുറവാണു.

മാർട്ടിൻ ലൂതർ എന്ന ചലച്ചിത്രം പശ്ചിമജർമ്മനിയിലെ 40 ലക്ഷത്തിൽപ്പരം ജനങ്ങൾ കണ്ടുകഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്തെ 500 തിയേറററുകളിൽ ഈ ചിത്രം പ്രദർശിപ്പിക്കപ്പെട്ടു. 500 തിയേറററുകൾ ചിത്രം ബുക്കുചെയ്തുകഴിഞ്ഞിട്ടുമുണ്ടു്. മതപരമായ ചിത്രങ്ങളുടെ സ്വാധീനശക്തി ഇൻഡ്യയിലെ ക്രൈസ്തവർ മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ബറാവായുടെ പ്രസംഗം

തൊഴിലാളികളുടെ ആത്മാക്കളെ ക്രിസ്തുവിങ്കലേക്കു ആദായപ്പെടുത്താത്ത പക്ഷം ജപ്പാനും പൗരസ്ത്യരാജ്യങ്ങളും ഒരു പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്നു ജപ്പാനിലെ സുപ്രസിദ്ധ മിഷനറിയും തൊളിലാളിപ്ര

വർത്തകനുമായ ഖഗാവാ ഇവാൻസ്റ്റൺ സമ്മേളനത്തിൽവച്ചു പ്രസ്താവിച്ചിരിക്കുന്നു.

കഴിഞ്ഞ 40 വർഷക്കാലംകൊണ്ടു് ജപ്പാനിലെ ക്രിസ്ത്യൻലേബർ പ്രസ്ഥാനം വളരെയധികം പുരോഗമിച്ചു എങ്കിലും കമ്മ്യൂണിസത്തിന്റെ ഭൗതികവാദം, ദേശീയമായ പാരമ്പര്യങ്ങൾ എന്നിവമൂലം അതിന്റെ പ്രവർത്തനങ്ങളിൽ പല വിഷമതകളും ഉണ്ടായിട്ടുണ്ടെന്നും ഖഗാവാ പ്രസ്താവിച്ചു. കമ്മ്യൂണിസ്റ്റുകൾപണിമുടക്കിനും,അക്രമപ്രസ്ഥാനങ്ങൾക്കും വേണ്ടി തൊഴിലാളികളെ പ്രേരിപ്പിക്കുമ്പോഴും പണം ചെലവാക്കുമ്പോഴും ക്രൈസ്തവർ ആദർശങ്ങളെ ധ്യാനിച്ചുകൊണ്ടു് സംതൃപ്തരായി തിരിഞ്ഞിരിക്കുന്നതിനെ ഖഗാവാ നിശിതമായി വിമർശിച്ചു. ക്രൈസ്തവർ വിഭിന്നമതവിഭാഗങ്ങളായി ശിഥിലീകരിച്ചുകൊണ്ടിരിക്കുമ്പോൾ കമ്മ്യൂണിസ്റ്റുകൾ സുസംഘടിതശക്തിയായി മുന്നേറുകയാണെന്നു ഖഗാവാ ക്രൈസ്തവനേതാക്കന്മാരെ അനുസ്മരിപ്പിച്ചു. ക്രൈസ്തവ ഐക്യമുന്നണിയെ എങ്ങനെ സംരക്ഷിക്കാൻ സാധിക്കുമെന്നു അദ്ദേഹം ചോദിച്ചു. ഇന്നത്തെ വൈദികസിമ്മനാരികൾ നസറേത്തിലെ തച്ചപണിക്കാരനായ യേശുക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നില്ലെന്നും സിമ്മനാരികൾ തൊഴിലാളിവർഗ്ഗത്തിനു വേദശാസ്ത്രപഠനം നൽകുന്നില്ലെന്നും ഖഗാവാ വിമർശിച്ചു. തൊഴിലാളിവർഗ്ഗത്തിന്റെ ഉന്നമനത്തിനുവേണ്ടിയുള്ള ഒരു സംഭാവനയാണ് ജപ്പാനിലെ സഹകരണപ്രസ്ഥാനമെന്നദ്ദേഹംപറഞ്ഞു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം വർദ്ധിച്ച വ്യവസായനഗരങ്ങളിൽ ബൈബിൾ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ടോക്കിയോയിൽ പ്രതിവാരംനടത്തുന്ന200 ബൈബിൾ ക്ലാസ്സുകളിൽ ആയിരക്കണക്കിനു തൊഴിലാളികൾ സംബന്ധിക്കുന്നുണ്ടെന്നും ഇതുപോലെയുള്ള ഗ്രൂപ്പുകൾ മറ്റു നഗരങ്ങളിലും വികസിച്ചുകൊണ്ടിരിക്കുന്നുവെന്നും ഖഗാവാ വെളിപ്പെടുത്തി. 66 വയസ്സുള്ള ഈ സുവിശേഷപ്രവർത്തകൻ 46വർഷങ്ങൾക്കു മുമ്പു ജപ്പാനിലെ തൊഴിലാളികൾ നിവസിക്കുന്ന പുറംതെരുവുകളിൽ പ്രവർത്തനം ആരംഭിച്ചതാണു്. ഇദ്ദേഹം ജാപ്പാനീസ് കോ ഓപ്പറേറ്റീവ് ഫെഡറേഷന്റെ പ്രസിഡണ്ടും, ജപ്പാനിലെ തൊഴിലാളി പാർട്ടിയുടെ സ്ഥാപകനാണു്.

ഇംഗ്ലീഷ് ബൈബിളിന്റെ ഉല്പത്തി

(റവ. ഡീക്കൻ ഡാനിയേൽ എൻ. വറുഗീസ്, ആഗ്രാ)

പഴയനിയമത്തിലെ മൂലഗ്രന്ഥങ്ങൾ എബ്രായ ഭാഷയിലും, പുതിയനിയമത്തിലേതു് ഗ്രീക്കുഭാഷയിലുമാണു് എഴുതിയിട്ടുള്ളതു്. 1454-ൽ ആണു് യൂറോപ്പിൽ ആദ്യമായി അച്ചടിസമ്പ്രദായം കണ്ടുപിടിച്ചതു്. അച്ചടിഗ്രന്ഥരൂപത്തിൽ എബ്രായ പഴയനിയമം 1488-ലും, ഗ്രീക്കു പുതിയനിയമം 1516-ലും പ്രത്യക്ഷപ്പെട്ടു. ഈ കാലത്തിനുമുമ്പു് കയ്യെഴുത്തുപ്രതികളെയാണു നാം പൂർണ്ണമായി ആശ്രയിച്ചു വന്നിരുന്നതു്.

നവീകരണകാലത്തിന്റെ ആവിർഭാവത്തോടുകൂടി പശ്ചിമയൂറോപ്യൻ രാജ്യങ്ങളിൽ ദേശീയ ഭാഷയിലുള്ള വേദപുസ്തകത്തിന്റെ ആവശ്യകത വർദ്ധിച്ചു. റോമാക്കാർക്കെതിരായുള്ള പ്രക്ഷോഭണത്തിനും, പ്രവർത്തനത്തിനും, സാധാരണക്കാരനെ അവന്റെ മാതൃഭാഷയിലുള്ള വേദപുസ്തകത്തിൽക്കൂടെ വേദസത്യങ്ങൾ മനസ്സിലാക്കിയാൽ, അതുവളരെ സഹായകരമായിത്തീരുമെന്നു നവീകരണക്കാർ വിചാരിച്ചു. ഇക്കാരണത്താൽ ഇംഗ്ലീഷ് വേദപുസ്തകത്തിന്റെ ആവശ്യകതയും സംജാതമായി. നവീകരണകാലത്തിനു മുമ്പു തന്നെ ബീഡിന്റെ (Bede)കാലംമുതൽ വേദപുസ്തകത്തിലെ വിവിധ ഗ്രന്ഥങ്ങൾ പ്രത്യേകം പ്രത്യേകമായി ഇംഗ്ലീഷുഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ടിരുന്നു. എന്നാൽ എല്ലാംകൂടി ഒരുമിച്ചുള്ള ഗ്രന്ഥരൂപത്തിൽ വിക്ലിഫും തന്റെ സഹകാരികളുമാണു് (1582-8)ആദ്യമായി പ്രസിദ്ധം ചെയ്തതു്. പക്ഷെ അതേവരെയുള്ള ഗ്രന്ഥങ്ങളൊക്കെ ലാറ്റിൻ വൾഗേറ്റിൽ (Latin Vulgate)നിന്നും തർജ്ജമ ചെയ്തതാകയാൽ പിൽക്കാലങ്ങളിലെ ഇംഗ്ലീഷു ബൈബിളുപോലെയുള്ള മേന്മയോ പ്രചാരമോ ലഭിച്ചിരുന്നില്ല.

ഇംഗ്ലീഷ് വേദപുസ്തകത്തിന്റെ യഥാർത്ഥ പിതാവായ വില്യംറ്റിൻഡേൽ (William Tyndale) പിൽക്കാലത്തു് ബൈബിളിനെ പുനഃപരിശോധചെയ്തു് പരിഷ്ക്കരിക്കണമെന്നാഗ്രഹിച്ചു. എറാസ്മസ് (Erasmus)ന്റെ ഗ്രീക്കുഭാഷയിലുള്ള പുതിയനിയമം പ്രസിദ്ധീകരിച്ചതു മുതലാണു് റ്റിൻഡേലിനു് ഈ ആഗ്രഹം തോന്നിയതു്. നിലമുഴുന്ന ഒരു കർഷക ബാലനുപോലും വേദപാഠം നിശ്ചയമായിരിക്കണം എന്ന ഉദ്ദേശശുദ്ധിയോടുകൂടി അദ്ദേഹം വേദപുസ്തകതർജ്ജമയ്ക്കൊരുങ്ങി. താൻ ഒരു നിർദ്ധനനായിരുന്നു. തന്റെ പുതിയ യത്നത്തിനു ധാരാളം പണം ആവശ്യമായിരുന്നതിനാൽ ധനസഹായം ലഭിക്കുന്നതിനായി അദ്ദേഹം ലണ്ടനിലെ ബിഷപ്പും, എറാസ്മസിന്റെ ഒരു സ്നേഹിതനുമായിരുന്ന റ്റൺസ്റ്റാളിനെ (Tunstall)സമീപിച്ചു. പക്ഷെ അദ്ദേഹത്തിൽനിന്നോ ഇതര ഇംഗ്ലീഷുകാരിൽനിന്നോ തനിക്കു പ്രോത്സാഹനഹസ്തം നീട്ടപ്പെട്ടില്ല. അതിനാൽ അദ്ദേഹം 1524-ൽ ഇംഗ്ലണ്ടിൽ നിന്നും ഹാംബർഗിലേക്കു പോകുകയും അവിടെവച്ചു് തന്റെഗ്രന്ഥം പൂർത്തിയാക്കുകയും ചെയ്തു. 1524-ൽ റ്റിൻഡേൽ കൊളോണിൽ (Cologne) വച്ചു് തന്റെ പുതിയഗ്രന്ഥം അടിപ്പിക്കുവാൻ ആരംഭിച്ചെങ്കിലും, തന്റെ ശത്രുക്കളായ നവീകരണക്കാർ തന്നെ അവിടെനിന്നും ഓടിച്ചതിനാൽ വേംസിൽ(Worms)വച്ചാണു് അച്ചടിപൂർത്തിയാക്കിയതു്. 1526 ആരംഭത്തിൽ തന്നെ റ്റിൻഡേലിന്റെ പുതിയ ബൈബിൾ ഇംഗ്ലണ്ടിലെത്തി. എന്നാൽ സഭയുടേയും രാജ്യത്തിന്റേയും അധികാരികൾ പ്രസ്തുത ഗ്രന്ഥത്തെ ശക്തിയായി പഴിക്കുകയും എതിർക്കുകയും ചെയ്തു. ലാറ്റിൻബൈബിളുമായി പരിചിതരായിരുന്ന ഇംഗ്ലീഷുകാർ, ഗ്രീക്കുഭാഷയിൽനിന്നും തർജ്ജമ ചെയ്യപ്പെട്ട റ്റിൻഡേലിന്റെ ബൈബിളിൽ ധാരാളം കുറ്റങ്ങളും കുറവുകളും ആരോപിച്ചു. എന്നാൽ നവീകരണാവിർഭാവം മൂലം വേദപുസ്തകം വായിക്കുന്നതിനും ലഭിക്കുന്നതിനുമുള്ള സാധാരണക്കാരന്റെ പരമമായ ആഗ്രഹത്തിനു സാരമായ പരിഹാരം നൽകുന്നതിനു റ്റിൻഡേലിന്റെ ബൈബിളിനു തികച്ചും സാധിച്ചു,

1536-ൽ വില്യംറ്റിൻഡേൽ രാജാധികാരികളുടെ കരങ്ങളാൽ ഹിംസിക്കപ്പെട്ടു. എന്നാൽ താൻ മരിക്കുന്നതിനുമുമ്പുതന്നെ 1530—ൽ എബ്രായഭാഷയിൽനിന്നും തർജ്ജമചെയ്തു മോശൈകഗ്രന്ഥ (Pentateuchs)ങ്ങളും 1534—ലും 1535—ലും പുതിയനിയമങ്ങളും പ്രസിദ്ധീകരിച്ചു. പഴയനിയമത്തിലെ ചരിത്രപുസ്തകങ്ങൾ അദ്ദേഹം പരിഭാഷപ്പെടുത്തിയെങ്കിലും പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചില്ല. തന്റെ ബൈബിൾ ഇംഗ്ലണ്ടിൽ

വെറുക്കപ്പെട്ടിരുന്നുവെങ്കിലും, അതിലെ
തർജ്ജമകളുടെ പല ഭാഗങ്ങളും കൂട്ടി
ചേർത്തു് പ്രസിദ്ധീകരിച്ച ഒരു പൂ
ർണ്ണ ബൈബിൾ ഗ്രന്ഥം കാണുന്നതി
നു മരിക്കുന്നതിനു മുമ്പുതന്നെ റ്റിൻ
ഡേലിനു സാധിച്ചു. ഇതു് റ്റിൻഡേ
ലിന്റെ ഒരു ശിഷ്യനായിരുന്ന മൈൽ
സ് കവർഡേൽ (Miles coverdale)
ഹെൻറി എട്ടാമന്റെ പ്രധാന മന്ത്രി
യായിരുന്ന തോമസ് ക്രോംവെല്ലിന്റെ
ധനാനുകൂല്യത്തോടുകൂടി പ്രസിദ്ധീക
രിച്ച ബൈബിളായിരുന്നു. റ്റിൻഡേ
ലിന്റെ പരിഭാഷയുടേയും, ജർമ്മനും
ലാറ്റിനും ബൈബിളുടെ പരിഭാഷയു
ടേയും സഹായത്താലും, തന്റെ സ്വന്ത
ഉദ്യമത്തിന്റെ ഫലമായിട്ടുമാണു്
1535-ന്റെ അവസാനഘട്ടത്തിൽ ക
വർഡേലിനു് തന്റെ ഗ്രന്ഥം പ്രസി
ദ്ധീകരിക്കുന്നതിനു സാധിച്ചതു്. ഈ
ഗ്രന്ഥം ഹെൻറി എട്ടാമന്റെ നാമ
ത്തിൽ സമർപ്പണം ചെയ്തുകൊണ്ടു്
1537—ലെ രണ്ടാമത്തെ പതിപ്പിനു്
രാജാവു് സന്തോഷത്തോടുകൂടി ലൈ
സൻസ് നല്കി. ഈ സമയം മുതൽ
ഇംഗ്ലീഷ് ബൈബിൾ ഉപയോഗി
ക്കുന്നതിനുള്ള അനുവാദം സഭപരസ്യ
മായി നൽകുകയും, ഇംഗ്ലീഷ് ജനത
ബൈബിൾ വാങ്ങിക്കുന്നതിലും ഉപ
യോഗിക്കുന്നതിലും പ്രത്യേകം താല്പര്യ
മുള്ളവരാകുകയും ചെയ്തു.

അതിനുശേഷമുള്ള ഏതാണ്ടു് 75 വ
ർഷക്കാലം ബൈബിൾ പുന:പരിശോ
ധനചെയ്തു അവശ്യമായ കുറവു പോ
ക്കൽ ചെയ്യുന്നതിനുവേണ്ടിയുള്ള ശ്രമം
നടക്കുന്ന ഒരു കാലഘട്ടമായിരുന്നു. 15-
37—ൽ ക്രോംവെല്ലും ക്രാൻമറും (Cr-
omwell and Cranmer) കൂടി സഹ
കരിച്ചു്, റ്റിൻഡേലിന്റെ പ്രസിദ്ധീ
കരിക്കാതിരുന്ന പഴയനിയമത്തിലെ
ചരിത്രപുസ്തകങ്ങളുടെ ഭാഗങ്ങൾ രഹ
സ്യമായി കൂട്ടിച്ചേർത്തു് ഒരു ബൈ
ബിൾ പ്രസിദ്ധം ചെയ്തു. എന്നാൽ
1539-ൽ കവർഡേൽ ഈ ഗ്രന്ഥത്തെ
പുതുക്കി 'ദി ഗ്രേററ് ബൈ
ബിൾ' (The Great Bible) എന്ന
പേരിൽ ഒരു പുതുപ്രസിദ്ധീകരണം ന
ടത്തി. ഈ പുസ്തകമാണു് ചർച്ചു് ഓ
ഫ് ഇംഗ്ലണ്ടു് ഔദ്യോഗികമായി
അംഗീകരിച്ചു് ജനങ്ങളുടെ ഉപയോ
ഗത്തിനുവേണ്ടി നിർദ്ദേശിക്കപ്പെട്ട ട്ടു
ള്ള ആദ്യത്തെ ബൈബിൾ. എല്ലാ പ
ള്ളികളിലും ഇതിന്റെ ഓരോ പ്ര
തി ഉണ്ടായിരിക്കണമെന്നു് ക്രോംവെൽ
ഉത്തരവും പുറപ്പെടുവിച്ചു. രണ്ടുവർ
ഷത്തിനകം ഏഴുപ്രാവശ്യം അച്ചടിപ്പി

ക്കേണ്ടതായി വന്ന ഈ ബൈബിളി
ന്റെ പ്രചാരത്തെപ്പററി നമുക്കു് ഏക
ദേശമായി ഊഹിക്കാമല്ലൊ.

എഡ്വേർഡ് ആറാമന്റെ ഭരണ
കാലത്തു് റ്റിൻഡേലിന്റെയും കവർ
ഡേലിന്റെയും ബൈബിളുകളും, ദി
ഗ്രേററു് ബൈബിളും ധാരധാരയായി
പ്രസ്സിൽനിന്നും പുറത്തിറങ്ങുവാൻ തുട
ങ്ങി. എന്നാൽ മേരിരാജ്ഞി സിംഹാ
സനാരൂഢയായപ്പോൾ ഇതിനെ ശക്തി
യായി വിലക്കി. എന്നിട്ടും പ്രോട്ടസ്റ്റന്റു
കാർ അടങ്ങിയിരുന്നില്ല. അവർ
1557—ൽ ജനീവായിൽനിന്നും ആദ്യ
മായി ഒരു പുതിയനിയമവും പിന്നീടു്
1560-ൽ ഒരു പൂർണ്ണബൈബിളിലും
പ്രസിദ്ധീകരിച്ചു. ഇതിൽ കാൽവി
ന്റെ ഉപദേശങ്ങളുടെ ഒരു ധ്വനി സാ
മാന്യമായി മുഴച്ചുനിന്നിരുന്നു. ഇതി
നുമുമ്പുള്ള ഗ്രന്ഥങ്ങളെല്ലാം കറുത്തമ
ഷിയിൽ അച്ചടിച്ചവയും, വളരെ വലി
പ്പമുള്ളതും, തന്മൂലം പള്ളികളിലെ ഉ
പയോഗത്തിനു പററിയവയുമായിരുന്നു.
എന്നാൽ ജനീവാബൈബിൾ വലിപ്പ
ത്തിൽ ചെറുതായിരുന്നതുകൊണ്ടു് വീ
ടുകളിലെയും വ്യക്തികളുടെയും ഉപയോ
ഗത്തിനു കൂടുതൽ യോജിച്ചതായിരുന്നു.
ഈ ഗ്രന്ഥങ്ങളാണു് പ്രഥമമായി റോ
മൻ ലിപികളിൽ പ്രത്യക്ഷപ്പെട്ടവ.
കൂടാതെ ഇതിൽ വാക്യങ്ങളെല്ലാം പ്ര
ത്യേകം പ്രത്യേകമായും അച്ചടിച്ചിരു
ന്നു.

എലിസബേത്തുരാജ്ഞി ഭരണത്തിൽ
വന്നപ്പോൾ ഈ ആകൃതിയിലുള്ള ബൈ
ബിളിനു കൂടുതൽ പ്രചാരം ലഭിക്കുക
യും അവ എല്ലാ വീടുകളിലും സ്ഥാനം
പിടിക്കുകയും ചെയ്തു.

1568-ൽ ഇംഗ്ലണ്ടിലെ ബിഷപ്പ
ന്മാർ എല്ലാവരും കൂടി കൂടുതൽ പരി
ഷ്കരണത്തോടുകൂടി "ബിഷപ്സ്
ബൈബിൾ" എന്നപേരിൽ ഒരുവേദ
പുസ്തകം പ്രസിദ്ധീകരിച്ചെങ്കിലും ജന
ങ്ങളുടെ ബൈബിളായി, 1611-ൽ
'Authorised Version' വരുന്നതുവ
രെ, ഇരുന്നതു് ജനീവാ ബൈബി
ളായിരുന്നു.

ജെയിംസ് ഒന്നാമന്റെ പ്രവൃത്തിക
ളിൽ ഏററം സുപ്രധാനമായതു്
'Authorised Version' ബൈബി
ളിന്റെ പ്രസിദ്ധീകരണമായിരുന്നു.
1604-ൽ ഹാംപ്ടൺ കോർട്ട് കോൺ
ഫറൻസി (Hampton Court Con-
ference) ൽവച്ചു് ഒരു പ്യൂരിട്ടൻ നേ
താവായിരുന്ന ഡോക്ടർ റെയിനോൾ
ഡ്സ് (Dr. Reynolds) ഇങ്ങനെ
(Authorised Vesion) ഒരു ബൈ
ബിൾ ചമയ്ക്കണമെന്നുള്ള അഭിപ്രായം

ജയഭാരതം ആര്യവൈദ്യശാല (Regd.)

H. O. പുനലൂർ.

ഏജൻസികൾ— അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്ടു്, കല്ലിശ്ശേരി, എഴുകോൺ സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്ടു്, ചെങ്ങമനാട്ടു്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണു്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ടു്. കൂടുതൽ വവരങ്ങൾക്കു് എഴുതുക.

പ്രധാനവൈദ്യൻ

പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി

പുനലൂർ

Licence No. 493 Dated 20-8-1946 Reg. M. 5268

THE CHURCH WEEKLY

കൊണ്ടുവന്നപ്പോൾ ജെയിംസ് ഒന്നാമനാണ് അദ്ദേഹത്തോടു ശക്തിയായി അനുകൂലിച്ചതു്. ഇതിന്റെ ചുമതല മുഴുവൻ സർവകലാശാലകളെ ഏല്പിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. യാതൊരുവിധമായ മുൻവിധിയോ, പക്ഷപാതമോ, വ്യക്തിതാല്പര്യമോ ഈ കൃതിയിൽ കടന്നുകൂടരുതെന്നും അദ്ദേഹം ശക്തിയായി മുൻനിഷ്കർഷ നൽകിയിരുന്നു. അങ്ങനെ പ്രസ്തുതഗ്രന്ഥത്തിൽ ഭാഗികമായ യാതൊരു നിറവും കലർത്തുന്നതിനെയും അദ്ദേഹം എതിർത്തു. ഈ ഗ്രന്ഥത്തിന്റെ രചനാജോലി ലണ്ടൻ, ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് എന്നീ മൂന്നുസർവകലാശാലകളിലെ രണ്ടു കമ്പനികൾക്കു സമർപ്പിച്ചു. 1607- മുതൽ രണ്ടു വർഷക്കാലത്തെ നിരന്തരമായ ഉദ്യമം കൊണ്ടു് അവർ തങ്ങളുടെ ജോലിയുടെ നക്കൽ പൂർത്തിയാക്കി. അടുത്ത 9 മാസക്കാലംകൊണ്ടു് പ്രസ്തുത നക്കലുകൾ പുനഃപരിശോധന ചെയ്യുകയും അച്ചടിക്കുവാൻ കൊടുക്കുകയുംചെയ്തു. ഡോ: മൈൽസ് സ്മിത്തു്, ബിഷപ്പ് ബിൽസൺ എന്നിവരാണ് ഈ പതിപ്പിന്റെ എഡിറ്റർമാരായി കർത്തവ്യം നിർവഹിച്ചതു്. അങ്ങനെ 1611-ൽ ഈ മഹനീയമായ ഇംഗ്ലീഷ്ബൈബിൾ പ്രത്യക്ഷപ്പെട്ടു. ഇതു് 86 കൊല്ലംമുമ്പ് റ്റിൻഡേൽ ആരംഭിച്ചു്, കവർഡേൽ പരിഭാഷിപ്പിച്ചുകൊണ്ടുവന്ന പ്രയത്നത്തിന്റെ പരിപൂർണ്ണതയായിരുന്നു. മുൻകാലങ്ങളിൽ ഒരുബൈബിൾ പ്രസിദ്ധംചെയ്തുകഴിഞ്ഞാലുടൻ അതിന്റെ പുനഃപരിശോധനയുംകാറ്റുപോക്കലുകളും ഉടൻതന്നെ ആരംഭിക്കമായിരുന്നു. എന്നാൽ 1611-ലെ ബൈബിളിനു് ഏതാണ്ടു് 270 വർഷക്കാലത്തേക്കു് യാതൊരു തിരുത്തലുകളുടെയും ആവശ്യകത വന്നില്ലെന്നു പറയുമ്പോൾ Authorised Version ബൈബിളിന്റെ സാമാന്യമായ മേന്മയെപ്പറ്റി നമുക്കു് ഊഹിക്കാമല്ലോ. ജനീവാബൈബിൾ പ്യൂരിട്ടൻ ഗ്രന്ഥമായിരുന്നിട്ടും "പ്യൂരിട്ടൺസ്" 1660 വരെ പ്രാബല്യത്തിലിരുന്നിട്ടും, Authorised Version അതിന്റെ മാഹാത്മ്യംഹേതുവാൽ ജനീവാബൈബിളിനെ പിന്നിലാക്കി.

എന്നാൽ Authorised Version ന്റെ നിർമ്മാണത്തിൽ ഒരു പ്രമാദം പറ്റിപ്പോയി. തെറ്റായ പരിഭാഷകളെ ആധാരമാക്കിയാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടിട്ടുള്ളതു്. റ്റിൻഡേലും കവർഡേലും ഇറാസ്മസിന്റെ പുസ്തകത്തെയും, ജർമ്മനും ലാറ്റിനുംതർജ്ജമകളെ അടിസ്ഥാനമാക്കിയും പുസ്തകമെഴുതി. ഇവരുടെ ബൈബിളിനെയും, ജനീവാബൈബിളിനെയും ധാരാളമായിആശ്രയിച്ചാണ് Authorised Version രചയിതാക്കൾ എഴുതിയിട്ടുള്ളതു്. തന്മൂലം 1400 കൊല്ലത്തെ നിരന്തരമായ പ്രയത്നങ്ങളുടെ ഫലത്താൽ മാഞ്ഞതും, കീറിയതും, മുറിഞ്ഞതുമായ കയ്യെഴുത്തുപ്രതികളിൽ ഉണ്ടാകാവുന്ന എല്ലാവൈഷമ്യങ്ങളേയും തരണംചെയ്തുണ്ടാക്കിയഗ്രീക്കുബൈബിളിൽ കടന്നുകൂടിയിട്ടുള്ള വൈകല്യങ്ങൾ, ഈ ഗ്രന്ഥത്തിലും കടന്നുകൂടിയിട്ടുണ്ടു്. പക്ഷെ കിട്ടാമായിരുന്ന രേഖകളെല്ലാം വച്ചുകൊണ്ടു് ഏറ്റം ശരിയായി പക്ഷപാതരഹിതമെന്നോരചിച്ചിട്ടുള്ള ബൈബിൾ Authorised Version അല്ലെന്നുള്ളതിനു സംശയമില്ല. സാഹിത്യപരമായും ഈ ഗ്രന്ഥം ഇതരബൈബിളുകളെ കവച്ചുനിൽക്കുന്നു.

ഭാഷയുടെ സൗന്ദര്യവും ആസ്വാദ്യതയും ആന്തരികമായ ചരിത്രസത്യങ്ങളെ വർദ്ധമാനമാക്കുന്നതിനും, അനുവാചകഹൃദയങ്ങളെ ആകർഷിക്കുന്നതിനും ആനന്ദിപ്പിക്കുന്നതിനും വളരെയധികം സഹായിക്കുന്നുണ്ടു്.

ഇംഗ്ലീഷ് ബൈബിൾ അങ്ങനെ നമുക്കു ലഭ്യമായി. പക്ഷെ പണ്ഡിതന്മാരുടെ ചുമതലയായിട്ടു് ഇനി അവശേഷിക്കുന്നതു് ബുദ്ധിയും ശക്തിയും ഉപയോഗിച്ചു് മൂലകൃതിയായ ഗ്രീക്കുബൈബിളിന്റെ കയ്യെഴുത്തുപ്രതികളുടെ യഥാർത്ഥരൂപവും ആശയവുമായിട്ടു Authorised Versionനെ താദാത്മ്യപ്പെടുത്തുക എന്നുള്ളതാണ്.

India's Largest Composite Insurance Company

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

New India Assurance Co. Ltd,.

H. O. BOMBAY.

West Coast Branch: Ernakulam

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam